മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 12 THE ONLINE OFFICIAL NEWS BULLETIN 2025 March 20

SEASON OF GREAT LENT | വലിയ നോമ്പുകാലം | ܙܒܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
23 Knaenaito (Canaanite woman) 4th Sunday of Great Lent — 4	24 — 8	25 Suboro Annunciation to St. Mary 296th Mem. of Mar Thoma IV (Kandanad St. Mary's) — 4	26 Mid-Lent Feast of Holy Cross / Comme. of King Abgar of Edessa — 8	27 — 4	28 — 8	29 — 4



പരുമല ഇന്റർനാഷണൽ ക്യാൻസർ കെയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട OncoInsight 2.0 (An International Doctor's Conference) പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ റാന്നി പ്രമോദ് നാരായൺ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

വയോജന സംരക്ഷണത്തിനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി മലങ്കര ഓർത്തഡോക്സ് സഭാ ബജറ്റ്

കോട്ടയം: യുവതലമുറയുടെ കുടിയേറ്റം മൂലം ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങളുടെ സമഗ്ര സംരക്ഷണത്തിന് "അരികെ" പദ്ധതിയും, സമർഥരായ വിദ്യാർത്ഥികളെ ചെറുപ്പത്തിൽ കണ്ടെത്തി അവർക്ക് ഇന്ത്യയിലുള്ള മികച്ച തൊഴിൽ അവസരങ്ങൾ നേടാൻ പരിശീലനം നൽകുന്ന "വിദ്യാജ്യോതി" പദ്ധതിയും അവതരിപ്പിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 2025-2026 വർത്തെ സാമ്പത്തിക ബജറ്റ്. ആരോഗ്യ ജീവിതശൈലിയും ലഹരി വിരുദ്ധതയും പ്രോത്സാഹിപ്പിക്കുന്ന കോട്ടയം കാരാപ്പുഴ വെൽനസ് പാർക്ക് , കൊല്ലം മതിലകത്ത് ക്യാമ്പ് സെന്റർ എന്നിവ ആരംഭിക്കും.

സർക്കാരിന്റെ പുതിയ നയങ്ങളുടെ പശ്ചാത്തലത്തിൽ സ്വകാര്യ സർവകലാശാല ആരംഭിക്കുന്നതിനെക്കുറിച്ച് സഭ ഗൗരവമായി ആലോചിക്കുന്നു. എം.ഒ.സി കോളജുകളുമായി സഹകരിച്ച് ഇതിനുള്ള സാധ്യതാ പഠനം നടത്തും. സഭയ്ക്കൊപ്പം സമൂഹത്തെയും കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ ആയിരത്തിനാനൂറ്റി എൺപത്തി നാല് കോടിയുടെ ബജറ്റ് മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ സഭാ മാനേജിങ് കമ്മിറ്റിയിൽ അവതരിപ്പിച്ചു.

യോഗത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിച്ചു. മലങ്കര സഭയുടെ സമാധാന അന്തരീക്ഷത്തെ തകർക്കുന്ന ഒരു നീക്കത്തെയും അംഗീകരിക്കില്ലെന്ന് കാതോലിക്കാ ബാവാ പറഞ്ഞു. ഇപ്പോൾ നടക്കുന്നത് രാജ്യത്തിന്റെ നിയമത്തെ ലംഘിക്കാനുള്ള ശ്രമങ്ങളാണ്. ഭാരതത്തിന്റെ നിയമം അനുസരിക്കാനുള്ള ഉത്തരവാദിത്വം ഓരോ പൗരനുമുണ്ടെന്നും പരിശുദ്ധ കാതോലിക്കാബാവാ കൂട്ടിച്ചേർത്തു.

(ശേഷം മൂന്നാം പേജിൽ)

ബദൽ കാതോലിക്കാ വാഴിക്കൽ നീക്കം : പരിശുദ്ധ അന്ത്യോഖ്യൻ പാത്രിയർക്കീസിനോടും, സർക്കാർ – രാഷ്ട്രീയ നേതൃത്വങ്ങളോടുമുള്ള അമർഷം രേഖപ്പെടുത്തി ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി

കോട്ടയം: മലങ്കരസഭയുടെ ശാശ്വത സമാധാനത്തിന് തുരങ്കം വെക്കാൻ ബദൽ കാതോലിക്കയെ വാഴിച്ച് ഭാരതമണ്ണിൽ അശാന്തിയുടെ വിത്തുപാകാൻ ശ്രമിക്കുന്ന അന്ത്യോഖ്യൻ പാത്രിയർക്കീസിനോടും, അതിനെ പിന്തുണയ്ക്കുന്ന സർക്കാർ, രാഷ്ട്രീയ നേതൃത്വങ്ങളോടുമുള്ള കടുത്ത അമർഷം രേഖപ്പെടുത്തി പ്രമേയം അവതരിപ്പിച്ച് മലങ്കര ഓർത്തഡോക്സ് സഭ മാനേജിംഗ് കമ്മിറ്റി. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ചേർന്ന യോഗത്തിൽ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിലാണ് പ്രതിഷേധ പ്രമേയം അവതരിപ്പിച്ചത്. അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം പിന്താങ്ങി.

വിദേശ ആധിപത്യത്തിന്റെ അടിമ നുകത്തെ കൂനൻ കുരിശ് സത്യത്തിലൂടെ പൊട്ടിച്ചെറിഞ്ഞ സ്വാതന്ത്ര്യസമര – വിശ്വാസികളാണ് മലങ്കരസഭയുടെ പൂർവസൂരികൾ. അവർ തെളിച്ച വിശ്വാസത്തിന്റെ കെടാവിളക്ക് ഞങ്ങൾ ഹൃദയത്തിൽ പേറും. ഈ സഭയുടെ സ്വാതന്ത്ര്യത്തെയും, അസ്ഥിത്വത്തെയും ഒരു ഭീഷണിക്ക് മുന്നിലും അടിയറവ് വെക്കില്ല എന്ന് മാനേജിംഗ് കമ്മിറ്റി വ്യക്തമാക്കി. മലങ്കരയിൽ സമാന്തരഭരണത്തിന് കോപ്പുകൂട്ടുന്നവരും ഭരണഘടനയെത്തൊട്ട് സത്യം ചെയ്തവരും ഭരണഘടനാവിരുദ്ധ പ്രവർത്തനത്തിന് കൂട്ടുനിൽക്കുന്നതിലുള്ള ശക്തമായ പ്രതിഷേധം മാനേജിംഗ് കമ്മിറ്റി രേഖപ്പെടുത്തി.

പ്രീണന രാഷ്ട്രീയം കേരളം തിരിച്ചറിയും

ഈ സഭയെ വ്യവഹാരങ്ങളിലേക്ക് വലിച്ചിട്ടവർക്കുള്ള അവസാന വാക്കാണ് 2017 ജൂലൈ 3-ലെ സുപ്രീംകോടതി വിധി. മലങ്കരസഭ ഒരു ട്രസ്റ്റാണെന്നും, അത് എക്കാലവും നിലനിൽക്കുമെന്നും, ആ ട്രസ്റ്റിൽ നിന്ന് ആർക്കും ഒന്നും വിഭജിച്ച് കൊണ്ടുപോകാൻ കഴിയില്ലെന്നും അസന്നിഗ്ധമായി കോടതി വ്യക്തമാക്കിയിട്ടുണ്ട്. പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം ഭാരതത്തിൽ അസ്തമയ ബിന്ദുവിലെത്തി എന്നതിന് കോടതി ആധികാരികത നൽകി. അതായത് ഒരു ശെമ്മാശ്ശനെപ്പോലും മലങ്കരയിൽ നിയമിക്കാനുള്ള അധികാരം പരിശുദ്ധ പാത്രിയർക്കീസ് ബാവയ്ക്ക് ഇല്ല.

കാര്യങ്ങൾ ഇങ്ങനെയാണെന്നിരിക്കെ സുപ്രീംകോടതി അറുതിവരുത്തിയ സമാന്തരഭരണത്തിന് വീണ്ടും തുടക്കമിടാൻ ശ്രമിക്കുകയാണ് വിഘടിത വിഭാഗം. സമാന്തരഭരണത്തിലൂടെ നിലവിലെ സമാധാന അന്തരീക്ഷം തകർക്കുക എന്നതാണ് ഗൂഢലക്ഷ്യം. ഇതിന്റെ ഭാ?ഗമായാണ് ലബനനിൽ മാർച്ച് 25ന് ബദൽ കാതോലിക്കയെ വാഴിക്കാൻ ശ്രമിക്കുന്നത്. പരമോന്നത കോടതി

(ശേഷം രണ്ടാം പേജിൽ)

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

ബദൽ അധികാരകേന്ദ്രങ്ങൾ സമാധാനം തകർക്കും: ഓർത്തഡോക്സ് സഭ

കോട്ടയം: ബദൽ അധികാരകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് മലങ്കരസഭയിൽ വീണ്ടും സമാന്തരഭരണത്തിനും സമാധാനാന്തരീക്ഷം തകർക്കുന്നതിനും കാരണമാകുമെന്നും ഇത് പ്രതിഷേധാർഹമാണെന്നും ഓർത്തഡോക്സ് സഭ. ഇക്കാര്യം അറിയിച്ചുകൊണ്ട് ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായ്ക്കും ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവൻമാർക്കും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കത്തയച്ചു.

മലങ്കരസഭയിലുണ്ടായ വിഭജനത്തെ വീണ്ടും ഓർമ്മപ്പെടുത്തുന്നതാണ് പുതിയ നീക്കമെന്നു പാത്രിയർക്കീസ് ബാവായ്ക്ക് അയച്ച കത്തിൽ പറയുന്നു. സെമിനാരിക്കേസ് മുതൽ 2017 ജൂലൈ മൂന്നിലെ സുപ്രീം കോടതിയുടെ അന്തിമ വിധി വരെയുള്ള കാര്യങ്ങൾ കത്തിൽ പറയുന്നു. മലങ്കരസഭയുടെ 1934-ലെ ഭരണഘടനയെ കീഴ്കോടതികൾ മുതൽ പരമോന്നത കോടതി വരെ പരിശോധിച്ച് അംഗീകരിച്ചതാണ്. പുതിയ അധികാരസ്ഥാനങ്ങൾ സൃഷ്ടിക്കുന്നത് രാജ്യത്തിന്റെ നിയമത്തിനു വിരുദ്ധമാണ്. സമാധാന ശ്രമങ്ങൾക്കുള്ള സന്നദ്ധത നിരവധി തവണ അറിയിച്ചിട്ടും അതിനോട് പ്രതികരിക്കാതെ സമാന്തര ഭരണവുമായി മു ന്നേട്ടുപോകാൻ ശ്രമിക്കുന്നതു ഖേദകരമാണ്. നിയമവിരുദ്ധമായ വാഴിക്കൽ ചടങ്ങിൽ നിന്ന് പിൻമാറണമെന്ന് കാതോലിക്കാ ബാവാ കത്തിൽ ആവശ്യപ്പെട്ടു.

മലങ്കരസഭയിലെ വിഘടിത വിഭാഗം കോടതി വിധികൾ ലംഘിച്ചു നടത്തുന്ന സമാന്തരഭരണ നീക്കങ്ങൾ ഭാരതത്തിന്റെ നിയമസംവിധാനങ്ങളോടുള്ള വെല്ലുവിളിയും കൈസ്തവ സാക്ഷ്യത്തിന് നിരക്കാത്തതുമാണെന്നും ഓറിയന്റൽ ഓർത്തഡോക്സ് സഭാതലവൻമാർക്ക് അയച്ച കത്തിൽ കാതോലിക്കാ ബാവാ ചൂണ്ടിക്കാട്ടി.

പ്രീണന രാഷ്ട്രീയം ...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

യെയും ഭാരതത്തെയും വെല്ലുവിളിച്ച് നടത്തുന്ന ഈ നീക്കം രാജ്യത്തോടുള്ള അവഹേളനമാണ്.

മലങ്കരസഭയിലെ വിഘടിത വിഭാഗം പാത്രിയർക്കീസിനെ കൂട്ടുപിടിച്ച് നടത്തുന്ന ഈ സമാന്തരഭരണ നീക്കത്തിന് സംസ്ഥാന സർക്കാരും, പ്രതിപക്ഷവും പിന്തുണ നൽകുന്നുവെന്നത് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ വിശ്വാസികളെ ഒന്നടങ്കം ഞെട്ടിക്കുന്നു. നിയമവിരുദ്ധമായ കാര്യത്തിന് കേരളത്തിന്റെ നിയമമന്ത്രി തന്നെ കാർമ്മികനാകുന്നത് നിസാരമായി കാണാനാകില്ല. സുപ്രീംകോടതി നിരോധിച്ച സമാന്തരഭരണത്തിന് വളമേകാനാണ് പൊതുജനത്തിന്റെ നികുതിപ്പണം ഉപയോഗിച്ച് 7 സർക്കാർ പ്രതിനിധികൾ ലബനനിലേക്ക് വിനോദസഞ്ചാരം നടത്തുന്നത്. കേവലം എറണാകുളം എന്ന ജില്ലയിലെ മാത്രം വോട്ടുബാങ്ക് ലക്ഷ്യം വെച്ച് നടത്തുന്ന ഈ പ്രീണന രാഷ്ട്രീയം കേരളം തിരിച്ചറിയും. രാഷ്ട്രീയപ്പാർട്ടികളോടുള്ള സമദൂരം അവസാനിപ്പിക്കാൻ ഈ സഭ തീരുമാനിച്ചാൽ ചിലർ വീഴും, മറ്റു ചിലർ വാഴുമെന്ന കാര്യം ഓർത്താൽ നന്ന്.

(മാനേജിംഗ് കമ്മിറ്റി പാസ്സാക്കിയ പ്രതിഷേധ പ്രമേയത്തിൽ നിന്നും)



ഫാ. യോഹന്നാൻ പണിക്കർ അന്തരിച്ചു

സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ വൈദികനായിരുന്ന ഫാ. യോഹന്നാൻ പണിക്കർ അന്തരിച്ചു. സംസ്കാര ശുശ്രൂഷ പിന്നീട്. കുണ്ടറ സെന്റ് തോമസ് വലിയ പള്ളി ആണ് മാതൃഇടവക. ലോസ് ഏഞ്ചൽസ് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി വികാരിയായിരുന്നു. ഭാര്യ: ലില്ലിക്കുട്ടി, മക്കൾ: ടോബിൻ, ജോബിൻ, റേച്ചൽ.



പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് സുറിയാനി പള്ളി ഇടവക അംഗവും മുൻ വികാരിയുമായിരുന്ന മാളിയേക്കൽ കണ്ണേത്ത് അബ്രഹാം കശീശയുടെ അൻപതാം ചരമ വാർഷികം ആചരിച്ചു. പുത്തൻകുരിശ് പള്ളി പ്രസിദ്ധീകരിച്ച കണ്ണേത്ത് അച്ചന്റെ ജീവചരിത്രം 'മാളിയേക്കൽ അബ്രഹാം കശ്ശീശ' എന്ന ഗ്രന്ഥം പ. ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ കണ്ടനാട് വെസ്റ്റ് ഭദ്രാസന സെക്രട്ടറി പൂവത്തുങ്കൽ ഫാ. ജോസ് തോമസിന് നൽകി പ്രകാശനം ചെയ്തു.



കാതോലിക്കേറ്റ് & എം.ഡി സ്കൂൾസിന്റെ കീഴിലുള്ള പത്തനംതിട്ട കുമ്പഴ എം.ഡി. എൽ.പി. സ്കൂളിന്റെ 111-മത് സ്കൂൾ വാർഷികവും, നവീകരിച്ച ഓഫീസ് കെട്ടിടത്തിന്റെ ഉൽഘാടനവും, വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനവും മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഉൽഘാടനം ചെയ്തു.



സുൽത്താൻബത്തേരി ഭദ്രാസനം - ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ ബഥേൽ ഹോംസ് പദ്ധതിയുടെ ഭാഗമായ ഭവന നിർമ്മാണ പദ്ധതിയുടെ ഉദ്ഘാടനം ഗീവർഗീസ് മാർ ബർണബാസ് നിർവ്വഹിച്ചു. നാലു ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന ശിലയുടെ കൂദാശയും ഒരു വീടിനുള്ള ശിലാസ്ഥാപനവും നടത്തി.

വയോജന സംരക്ഷണത്തിനും ...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

കൊടുങ്ങല്ലൂർ മാർത്തോമൻ സ്മൃതി മന്ദിരം, തിരുവനന്തപുരം കാരുണ്യ ഗൈഡൻസ് സെന്ററിനോട് ചേർന്ന് മാനസിക - സാമൂഹിക പുനരധിവാസ കേന്ദ്രം തുടങ്ങിയവയ്ക്കും ബഡ്ജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ട്. സഭയുടെ നേതൃത്യത്തിൽ നടത്തുന്ന കാരുണ്യ പദ്ധതികളായ വിവാഹ ധനസഹായം ഭവന നിർമ്മാണം, വിധവാ പെൻഷൻ സഭാംഗങ്ങളായ സാമ്പത്തികശേഷി കുറഞ്ഞ വിദ്യാർത്ഥികൾക്കുള്ള ഉപരിപഠന സഹായം വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം, സഹോദരൻ പദ്ധതി, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവയും ബഡ്ജറ്റിൽ ഉൾപ്പെടുന്നു. പുന്നത്ര മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ചരമ ദ്വിശാബ്ദി സമ്മേളനം . ചേപ്പാട് തിരുമേനിയുടെ മലങ്കര മെത്രാപോലിത്താ സ്ഥാനാരോഹണ ദ്വിശാബ്ദി സമ്മേളനം , പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ചരമവജ്ര ജൂബിലി , പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായുടെ ചരമ സുവർണ്ണ ജൂബിലി, സഭാ കവി സി. പി. ചാണ്ടി സ്മൃതിസംഗമം, മുളന്തുരുത്തി സുന്നഹദോസ് ശതോത്തര സുവർണ ജൂബിലി എന്നിവ ഈ വർഷം സംഘടിപ്പിക്കും.

ബജറ്റിൽ തുക വകയിരുത്തിയ മറ്റു പദ്ധതികൾ

വയനാട് ദുരിതാശ്വാസ സഹായം 10 കോടിയായി ഉയർത്തി.

തിരുവനന്തപുരത്തെ ഓർത്തഡോക്സ് സെന്ററിന് 75 ലക്ഷവും, എറണാകുളത്തെ മീഡിയ സെന്ററിന്റെ തുടർ പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപയും വകയിരുത്തി.

കോട്ടയം പരുത്തുംപാറയിലെ ആയുർവേദ ആശുപത്രിയെ മെഡിക്കൽ കോളജായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 60 ലക്ഷം രൂപയും ശാസ്താംകോട്ട ബൈബിൾ കോളജിന് 1 ലക്ഷം രൂപയും വകയിരുത്തി.

വെല്ലൂർ സ്നേഹഭവന് പ്രത്യേക ഗ്രാന്റായി 20 ലക്ഷം രൂപ.

കോട്ടയം പഴയസെമിനാരിയിലെ കോൺഫറൻസ് ഹാൾ നവീകരണത്തിന് 38 ലക്ഷം രൂപ.

പഠിത്തവീട് എന്നറിയപ്പെടുന്ന പഴയ സെമിനാരി നാലുകെട്ടിന്റെ പുനരുദ്ധാരണത്തിന് 75 ലക്ഷം രൂപ.

തിരുവിതാംകോട് അരപ്പള്ളിയുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ.

സഭയിലെ മുതിർന്ന പൗരൻമാരുടെ കരുതലിനായി പോത്താനിക്കാട് തുടങ്ങുന്ന ക്ഷേമഭവനത്തിന് 1 കോടി രൂപ.

ദേവലോകം കാതോലിക്കേറ്റ് അരമന പ്രകൃതിസൗഹൃദമാക്കുന്നതിന്റെ ഭാഗമായി സോളാർ പവർ പ്ലാന്റ് സ്ഥാപിക്കും.

വൈദിക മെഡിക്കൽ ഇൻഷുറൻസ് പദ്ധതിക്ക് 3 കോടി.

സഭയിലെ ഓട്ടോറിക്ഷാ ഡ്രൈവർമാരുടെ പെൺമക്കളുടെ ഉപരിപഠനത്തിന് 10 ലക്ഷം.

പരുമല ആശുപത്രിയുടെ നേതൃത്വത്തിൽ ചേപ്പാട് തുടങ്ങുന്ന പബ്ലിക് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടിന് 50 ലക്ഷവും, പരുമല ആശുപത്രി കൊഴുവല്ലൂരിൽ ആരംഭിക്കുന്ന പാരാമെഡിക്കൽ കോഴ്സിന് 50 ലക്ഷം രൂപയും വകയിരുത്തി.

ഫാ. ഡോ. റെജി മാത്യു ധ്യാന പ്രസംഗം നടത്തി, വൈദിക ട്രസ്റ്റി ഫാ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ സഭയിലെ മെത്രാപ്പോലീത്താമാരും മാനേജിംഗ് കമ്മറ്റി അംഗങ്ങളും സംബന്ധിച്ചു.

> "വി. കുർബ്ബാനവേളയിലുള്ള ആശീർവാദങ്ങളിൽ ആദ്യ മൂന്നു വാഴ്വുകളും കാർമ്മികൻ ഇടതുകൈപ്പത്തി രഹസ്യങ്ങൾക്കുകീഴെ വിരിക്കൂട്ടിൽ തബലൈത്തായുടെ പടിഞ്ഞാറേ വശത്ത് മദ്ധ്യത്തിൽ വച്ചുകൊണ്ട് പൂർണ്ണമായും പടിഞ്ഞാറോട്ട് തിരിക്കുകയും ഒപ്പം രഹസ്യങ്ങൾ വിശ്വാസികൾക്ക് ഗോചരമാകുന്ന വിധത്തിൽ ത്രോണോസ്സിന്റെ വടക്കുവശത്തേക്ക് മാറിനിൽക്കുകയും ചെയ്തുകൊണ്ട് നിർവ്വഹിക്കണം. നിന്റെ ശരീരത്തിന്റെ മേനിയോ അംശവസ്ത്രത്തിന്റെയോ ആടയാഭരണങ്ങളുടെയോ ഭംഗി കാണുവാനോ, കാണിക്കുവാനോ അല്ല ശ്രമിക്കേണ്ടത്."
>
> – ഡാറയിലെ യോഹന്നാൻ



A Priest Meeting of the clergy of the Diocese of Asia Pacific was held in Canberra under the guidance of Asst. Metropolitan Dr. Yuhanon Mar Diascoros.



മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയിലെ പുതിയ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ക്രിട്ടിക്കൽ ICU ഐസലേഷൻ ICU എന്നിവ ഉൾകൊള്ളുന്ന സെൻറ് ലൂക്ക് മെഡിസിൻ കെയർ ഡിപ്പാർട്ട്മെന്റിന്റെ കൂദാശാകർമ്മം ഡോ. ഗീവർഗീസ് മാർ യൂലിയോസ് പ്രധാന കർമ്മികത്വത്തിൽ നടന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സമകാലികം

അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പിൻവാതിൽ മഫ്രിയാന നിയമനം ഇന്ത്യൻ നിയമവ്യവസ്ഥിതിയോടുള്ള വെല്ലുവിളി

ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പൊലീത്താ

മലങ്കരസഭയെ ഒരിക്കലും കെട്ടുപോകാത്ത നെരിപ്പോടായി നീറ്റുവാൻ മുൻഗാമികളെ പോലെ ഇപ്പോഴത്തെ അന്ത്യോഖ്യ പാത്രിയർക്കീസും വളഞ്ഞ വഴിയിലൂടെ ശ്രമിക്കുന്നത് ഇന്ത്യയുടെ പരമോന്നത നീതിപീഠത്തോടും നിയമവ്യവസ്ഥയോടും ഉള്ള വെല്ലുവിളിയാണ്. മലങ്കര മെത്രാപ്പോലീത്ത സ്ഥാനവും, കാതോലിക്ക സ്ഥാനവും മുൻഗാമിയുടെ വിൽപത്രത്തിലൂടെ സ്ഥാപിച്ച് എടുക്കുന്നത് മലങ്കരയിൽ കേട്ടുകേൾവി ഇല്ലാത്ത ഒരു കാര്യമാണ്. ഈ രണ്ടു സ്ഥാനങ്ങളുടെയും മഹത്വം നന്നായി അറിയുന്നത് കൊണ്ട് 'ഞങ്ങൾക്കും ഇരിക്കട്ടെ' എന്ന നിലയിൽ ഇപ്പോൾ പലരും ഇറങ്ങി പുറപ്പെട്ടിരിക്കുന്നു. സോഷ്യൽ മീഡിയ പോസ്റ്റുകളിൽ മലങ്കര മെത്രാപ്പോലീത്താ, കാതോലിക്കാ എന്നൊക്കെ ചേർക്കാം എന്നല്ലാതെ മലങ്കരസഭയുടെ 1934-ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടുന്ന പള്ളികളികളിലോ സ്ഥാപനങ്ങളിലോ പ്രവേശിക്കുന്നത്തിന് ഇങ്ങനെ ഉള്ള പിൻവാതിൽ സ്ഥാനികൾക്ക് അധികാരം ഇല്ലാത്തതാകുന്നു. പുതിയ മഫ്രിയാനയായി പ്രഖ്യാപിച്ച് വരുന്ന ദേഹം അനധികൃതമായി മലങ്കരസഭയുടെ പള്ളികളിൽ പ്രവേശിക്കുവാൻ ശ്രമിക്കുമപ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങളക്ക് ഇപ്പോൾ നിയമവ്യവസ്ഥയെ വെല്ലിവിളിച്ച്, പക്ഷപാതപരമായ നിലപട് എടുത്ത് ഈ അരക്ഷിതാവസ്ഥക്ക് കൂട്ട് നിൽക്കുന്ന സർക്കാർ മാത്രം ആയിരിക്കും ഉത്തരവാദി. പിൻവാതിൽ നിയമനം സർക്കാർ അജണ്ട ആയതിനാൽ ആണോ സഭാ കാര്യങ്ങളിലും ഇത്തരം ഒരു നിലപട് എന്ന് തോന്നിപോകുന്നു . സഭാ വിഷയത്തിൽ ഇന്ത്യയുടെ പരമോന്നത നീതി പീഠത്തിലെ വിധി എന്ത് എന്ന് ശരിയായി ബോധ്യമില്ലാത്ത ഒരു മന്ത്രി അന്ത്യോഖ്യയിൽ പോയി നിയമ പരമായോ അല്ലാതെയോ എന്തെങ്കിലും പറയും എന്ന് മലങ്കരസഭയ്ക്ക് പ്രതീക്ഷയും ഇല്ല . ഇതിന്റെ പകുതി ആത്മാർത്ഥ അന്നത്തെ അത്താഴത്തിന് വകയില്ലാതെ വിഷമിക്കുന്ന ആശാവർക്കർമാരുടെ കാര്യത്തിൽ കാണിച്ചിരുന്നെങ്കിൽ എന്ന് വെറുതെ ആശിച്ച് പോകുന്നു. മലങ്കരയിലേക്ക് ഒരു ശെമ്മാശനെപോലും വഴിക്കുവാൻ അധികാരം ഇല്ലന്നും, (As per the historical background and the practices which have been noted, the Patriarch is not to exercise the power to appoint Vicar, Priests, Deacons, Prelates etc. Such powers are reserved to other authorities in the Church hierarchy. The Patriarch, thus, cannot be permitted to exercise the power in violation of the 1934 Constitution to create a parallel system of administration of Churches as done in 2002 and onwards.- 2017 July 3 supreme court Judgement) അന്ത്യോഖ്യ പാത്രിയര്കീസിന്റെ അധികാരം മലങ്കരയിൽ അസ്തമിച്ചിരിക്കുന്നു എന്നും (Thus this Court also found that the revival of Catholicate reduced the power of Patriarch to a vanishing point. The power and authority of the Catholicos as per Kalpanas A-13 and A-14 were affirmed, re-enforced and enlarged in the 1934 Constitution.- 2017 july 3 supreme court page 111) ഇന്ത്യയുടെ പരമോന്ന നീതിപീഠം പറയുമ്പോൾ ഇല്ലാത്ത അധികാരം സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് അല്പത്തമാണ്. ക്നാനായ സമുദായ പ്രശ്നത്തിൽ ആ സഭയുടെ അധ്യക്ഷന് മേൽ ഒരിക്കലും മലങ്കരയിൽ ഏശിയിട്ടില്ലാത്ത 'മുടക്ക്' കാണിച്ച് വിരട്ടാൻ നോക്കിയതിന്റെ ഫലമായി വന്ന കോടതി വിധി നാം കണ്ടതാണ്. അങ്ങനെ വഴിക്കുവാനോ മുടക്കുവാനോ അധികാരം ഇല്ലാത്ത ഒരു വിദേശ സഭയുടെ മേലധ്യക്ഷൻ മലങ്കരസഭയിലെ വിഘടിച്ച് നില്കുന്ന ന്യൂനപക്ഷത്തിത്തിന്റെ പിൻബലത്തിൽ മലങ്കരസഭയിൽ ഇല്ലാത്ത അധികാരം സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് നിയമ ലംഘനമാണ്. ഈ സത്യവസ്ഥകൾ അറിഞ്ഞിട്ടും കണ്ണടച്ച് കൊണ്ട് പ്രതിനിധികളെ അയക്കുന്ന സഹോദരീ സഭകളും കൂട്ടത്തിൽ നിന്ന് കാലിൽ ചവുട്ടുന്ന നിലപാടാണ് സ്വീകരിക്കുന്നത്. മലങ്കരസഭയെ ചതിച്ച് പിൻവാതിൽ നിയമനത്തിന്റെയും, അനധികൃത വാഴ്ച്ചയുടെയും അപ്പക്ഷണം ആസ്വദിച്ച ചരിത്രം തലമുറ തലമുറ കൈമാറുന്ന ഈ എക്യുമിനിക്കൽ രാജാക്കന്മാർ ഇപ്പോൾ കുടപിടിക്കുന്നത് പൗരാണികമായ മലങ്കരസഭയുടെ വളർച്ചയിലും പാരമ്പര്യത്തിലും ഉള്ള അസൂയകൊണ്ട് ആണ് എന്ന് ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റപ്പെടുത്താൻ കഴിയുകയില്ല. 2002-ലെ ഒരു ആൾക്കൂട്ടത്തിന് മഫ്രിയാനയെ വഴിക്കുന്നത് മലങ്കരസഭയെ സംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കുന്നില്ല. എന്നാൽ ലഭിച്ചത് എന്തോ അമൂല്യ സ്ഥാനം എന്ന നിലയിൽ 1934 ഭരണഘടന പ്രകാരം ഭരിക്കപ്പെടുന്ന പള്ളികളിൽ കയറുന്നതിനും, മലങ്കരയിലെ പള്ളികളിൽ നിലനിൽക്കുന്ന സമാധാന അന്തിഭദ്രസനംരീക്ഷം തകർക്കാനും ശ്രമിക്കുന്നത് അനുവദിക്കുവാൻ സാധിക്കുകയില്ല. മലങ്കര ഓർത്തഡോക്സ് സഭയുടെ സാമൂഹിക പ്രതിബദ്ധതയുള്ള നിലപാടുകളെയും, ചാരിറ്റി പ്രവർത്തനങ്ങളുടെയും, പിതാക്കന്മാരായും സാമൂഹിക മാധ്യമങ്ങൾ വഴിയും, അഭിനവ ഓൺലൈൻ മാധ്യമങ്ങൾ വഴിയും അവഹേളിച്ച് പൊതു സമൂഹത്തിന്റെ കണ്ണിൽ പുകമറ സൃഷ്ടിച്ച് നിലവിലെ സാഹചര്യത്തെ മറികടക്കാൻ ശ്രമിക്കുന്നത് ക്രിസ്തീയമല്ല. പ്രതിപക്ഷ ബഹുമാനം വേണം എന്ന് മാധ്യമങ്ങളോട് പറയുന്നവർ ഇത്തരം കാര്യങ്ങൾക്ക് പ്രോത്സാഹനം നൽകുന്നത് ഏത് ആത്മാവിൽ ആണ് എന്നത് സ്വയപരിശോധന ചെയ്യേണ്ടതാണ്.





Delhi Diocese clergy lenten retreat held on 2025 March 18 & 19 at Delhi Orthodox Centre. In the presence of Diocesan Metropolitan Dr. Yuhanon Mar Demetrios, Dr. Thomas Mar Athanasious, Metropolitan, Diocese of East Kandanad led the retreat.

സമകാലികം

പുതിയ സഭയ്ക്കായുള്ള പുതിയ വാഴ്ച്ചയോ?

ഫാ. ഡോ. തോമസ് വർഗീസ് അമയിൽ
(വൈദിക ട്രസ്റ്റി)

മലങ്കരസഭയ്ക്ക് ഒരു കാതോലിക്കായും ഒരു മലങ്കര മെത്രാപ്പോലീത്തായുമാണുള്ളത്. ആവർത്തിച്ച് ആവർത്തിച്ചുള്ള കോടതി വിധികളിലെല്ലാം അക്കാര്യം സുവ്യക്തമാണ്. സുപ്രീംകോടതിക്ക് വേണ്ടി ജസ്റ്റിസ് മളിമഠ് ലിസ്റ്റ് ചെയ്ത 1662 പള്ളികളുടെ തലവൻ മലങ്കര മെത്രാപ്പോലീത്തയായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവായാണ്. ആ പള്ളികളത്രയും ചേരുന്നതാണ് മലങ്കരസഭ. അതിന് പുറത്ത് ആരെങ്കിലും വാഴിക്കുന്നത് മലങ്കരസഭയുടെ വിഷയമല്ല. സഭയ്ക്കുള്ളിൽ സമാന്തരഭരണം അനുവദിക്കുകയുമില്ല.

മലങ്കരസഭയെയും സഭാമക്കളെയും നിയമക്കുരുക്കുകളിലേക്ക് വലിച്ചിട്ടവരാണ് ഭിന്നിച്ച് നിൽക്കുന്നവർ. പതിറ്റാണ്ടുകൾക്ക് ശേഷം അവർ പറയുന്നു സഹോദരിസഭയാകാം.മുൻപും കോടതി വിധികൾക്ക് ശേഷം സഭ ഒന്നായതല്ലേ. ഒരിടയനും ഒരാട്ടിൻകൂട്ടവുമായി നമ്മൾ മാറിയതല്ലേ? പിന്നെ എന്തുകൊണ്ട് 2017 ജൂലൈ 3ലെ അന്തിമവിധിക്ക് ശേഷം ഇത് സാധ്യമാകുന്നില്ല?

യോജിപ്പിനായി എക്കാലത്തും വിട്ടുവീഴ്ച്ചകൾക്ക് മലങ്കരസഭ തയാറായിരുന്നു. സമാധാനത്തിന്റെ കാഹളം എത്രയോ തവണ മുഴക്കി. അപ്പോഴും സമാന്തരഭരണത്തിൽ തൃപ്തി കണ്ടെത്താനാണ് ഭിന്നിപ്പുണ്ടാക്കിയവർ ശ്രമിച്ചത്. ഈ സമാന്തരഭരണത്തിന് സുപ്രീംകോടതി താഴിട്ടത് മറക്കരുത്. മലങ്കരസഭ ഒരു ട്രസ്റ്റാണ്. ആ ട്രസ്റ്റിനുള്ളിൽ നിന്ന് സമാന്തരഭരണം പറ്റില്ലെന്ന് കോടതി വിധിച്ചതാണ്. ഭാരതത്തിന്റെ നിയമത്തെ കാറ്റിൽപ്പറത്താൻ ഒരു വിദേശ പൗരനും അധികാരമില്ല. എന്നാൽ വീണ്ടും പാത്രിയർക്കീസ് അതിനാണ് ശ്രമിക്കുന്നത്. അതിനെയാണ് മലങ്കരസഭ ചോദ്യം ചെയ്യുന്നത്. അതിനെ അനുകൂലിക്കുന്നവരെയാണ് സഭ വിമർശിക്കുന്നത്. കാരണം ശാശ്വതമായ സമാധാനത്തെ അട്ടിമറിക്കുന്ന ഒരു നീക്കത്തെയും പിന്തുണയ്ക്കാൻ സഭയ്ക്ക് കഴിയില്ല.



തങ്ങൾ മറ്റൊരു സഭയാണ് എന്ന് അവകാശപ്പെടുന്നവർ ചെയ്യേണ്ടത് എത്രയുംവേഗം മലങ്കരസഭയുടെ ദൈവാലയങ്ങൾ തിരികെ നൽകുക എന്നതാണ്. നിങ്ങൾക്ക് മറ്റൊരു സഭയാകുന്നതിന് ഇന്ത്യമഹാരാജ്യത്ത് സ്വാതന്ത്ര്യമുണ്ട്. മലങ്കരസഭയുടെ ദൈവാലയങ്ങളെ സമാന്തരഭരണത്തിനായി ഉപയോഗിക്കുന്നത് നീതിന്യായ വ്യവസ്ഥിതിയോടുള്ള വെല്ലുവിളിയാണ്. ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു മലങ്കരസഭ ഒരു ട്രസ്റ്റാണ്; ആ ട്രസ്റ്റ് എക്കാലവും നിലനിൽക്കും.



ലഹരിക്കെതിരെ ഏകദിന ഉപവാസം നടത്തി

തിരുവനന്തപുരം : ലഹരിയെന്ന വലിയ ആപത്തിനെ ആന്തരിക ആധ്യാത്മികതയിലൂടെ തടയാൻ മതങ്ങൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയുമെന്ന് സ്വാമിഗുരുരത്നം ജ്ഞാനതപസ്വി. ലഹരി ഇന്ന് സമൂഹത്തെ വല്ലാതെ കയ്യടക്കുന്നു. നമ്മുടെ യുവതലമുറയെ നഷ്ടപ്പെടാതെ അവരുടെ ഭൗതീകവും, ആത്മീയവുമായ വളർച്ചക്ക് പങ്ക് വഹിക്കാൻ എല്ലാ മതങ്ങളും മുന്നിട്ട് ഇറങ്ങണമെന്നും അദ്ദേഹം പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭ മദ്യ വർജ്ജന സമിതി തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ നടത്തിയ ഏകദിന ഉപവാസവും ലഹരിവിരുദ്ധ സദസും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്വാമി.

മദ്യവർജ്ജന സമിതി പ്രസിഡന്റ് അഭി യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത അധ്യക്ഷനായ യോഗത്തിൽ ചാണ്ടി ഉമ്മൻ എം.എൽ.എ., ശ്രീ വിഷ്ണുപുരം ചന്ദ്രശേഖരൻ, ഫാ. വർഗീസ് ജോർജ്, അലക്സ് മണപ്പുറത്ത്, ഡോ. റോബിൻ പി. മാത്യു, ഫാ. സജി മെക്കാട്ടിൽ, മറിയം ഉമ്മൻ, ഫാ. ജോർജി കെ. സണ്ണി, ഫാ. ജോൺ വർഗീസ്, ടി. വൈ. സ്റ്റീഫൻ, ഒ. അച്ചൻകുഞ്ഞ്, കുര്യൻ, പ്രിൻസ് ടി. പി., ബ്ലസൻ തോമസ് എന്നിവർ സംസാരിച്ചു.

ശ്രേഷ്ഠ കാതോലിക്ക പള്ളികളിൽ പ്രവേശിക്കുന്നത് വിലക്കണം

ലെബനോണിൽ പോകാൻ ഗവ. സംഘത്തിന് അനുമതി നൽകരുതെന്ന് റിട്ട്ഹർജി

കൊച്ചി: ശ്രേഷ്ഠ കാതോലിക്ക വാഴ്ചയ്ക്കു ലെബനനിൽ നടക്കുന്ന ചടങ്ങിൽ പങ്കെടുക്കാൻ സംസ്ഥാന ഔദ്യോഗിക പ്രതിനിധി സംഘത്തിന് അനുമതി നൽകരുതെന്നു സർക്കാരിനോടു നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ടു ഹൈക്കോടതിയിൽ റിട്ട്ഹർജി. ഇത്തരം ചടങ്ങിൽ സർക്കാർ ചെലവിൽ പങ്കെടുക്കരുതെന്നു സൂപ്രീംകോടതി വിധിയുള്ളതായും ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു.

ഹർജി ഫയലിൽ സ്വീകരിച്ച കോടതി ഒന്നാം എതിർകക്ഷിയായ സർക്കാരിന് ഉൾപ്പെടെ നോട്ടീസയച്ചു. 1934-ലെ മലങ്കര ഭര ണഘടനയ്ക്കു കീഴിൽ ഭരിക്കുന്ന 1064 പള്ളികളിലും പ്രവേശിക്കുന്നതിൽ നിന്ന് ജോസഫ് മോർ ഗ്രീഗോറിയോസിനെ വിലക്കണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു. 1934-ലെ മലങ്കരസഭാ ഭരണഘടനപ്രകാരം നിയമിതനായ കാതോലിക്കായല്ല ജോസഫ് മോർ ഗ്രിഗോറിയോസ് എന്നു പ്രഖ്യാപിക്കണം. കാതോലിക്കായെ വാഴിക്കാനുള്ള പാത്രിയർക്കീസിന്റെ കല്പന സുപ്രീംകോടതി വിധിയുടെ ലംഘനമാണ്. ഇന്ത്യയുടെ കാതോലിക്കോസായി ജോസഫ് മോർ ഗ്രിഗോറിയോസിനെ നിയമിച്ച പാത്രിയർക്കീസിന്റെ നടപടി സമാന്തര സംവിധാനം സൃഷ്ടിക്കാനുള്ള ശ്രമമാണ്. മെത്രാൻ വാഴ്ചയുടെ നിയമവിരുദ്ധതയെക്കുറിച്ചും ഇന്ത്യയിൽ ക്രമസമാധാന പ്രശ്ന സാധ്യതയെക്കുറിച്ചും പാത്രിയർക്കീസ് പൂർണ്ണ ബോധ വാനാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അനുയായികൾക്കും പാത്രിയർക്കീസ് ബാവായുടെ അനുയായികൾക്കുമിടയിൽ ശത്രുത വളർത്താൻ തന്റെ ഈ നടപടി കാരണമാകുമെന്ന പൂർണ്ണ ബോധ്യത്തോടെയാണു പാത്രിയർക്കിസ് ചടങ്ങ് നടത്തുന്നതെന്നും ഹർജിയിൽ ബോധിപ്പിക്കുന്നു. ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുമെന്നു പ്രതിജ്ഞയെടുത്ത നിയമമന്ത്രി, നിയമസഭാ സാമാജികർ, സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരാണു സംസ്ഥന പ്രതിനിധി സംഘത്തിലുള്ളത്. സുപ്രീം കോടതി ഉത്തരവുകൾ ലംഘിച്ച് ഒരു ചടങ്ങിനു സാക്ഷ്യം വഹിക്കാനുള്ള നടപടി അവരുടെ സത്യപ്രതിജ്ഞാ ലംഘനമാണെന്നും ഹർജിയിൽ ആരോപിക്കുന്നു. കുന്നംകുളം സ്വദേശിയും അഭിഭാഷകനുമായ അഡ്വ. ഗിൽബർട്ട് ചീരനാണ് ഹർജി നൽകിയത്. ഇന്നത്തെ വാദത്തിനുശേഷം ഹർജി നാളെ വിധി പറയാനായി വച്ചു.



ബൈബിളിൽ മഹാജ്ഞാനിയും നീതിമാനുമായിരുന്ന ദാനിയേൽ പ്രവാചകന്റെ കഥ പ്രസിദ്ധമാണ്. ബാബിലോൺ രാജാവായിരുന്ന നെബുക്കദ്നേസർ ക്രി. മു. ആറാം നൂറ്റാണ്ടിൽ ജറുസലേം പിടിച്ചെടുത്ത് ദൈവാലയം കുളം തോണ്ടി. ആയിരക്കണക്കിന് ജൂതന്മാരെ തടവുകാരായി പിടിച്ചുകൊണ്ടുപോയി. അവരിൽ ദാനിയേൽ എന്ന ചെറുപ്പക്കാരനെ മറ്റു മൂന്നു പേരോടൊപ്പം അതിബുദ്ധിമാനായി കാണുകയും രാജാവിന്റെ കൊട്ടാരത്തിൽ ഭാവിയിൽ സാമ്രാജ്യത്തിലെ സിവിൽ സർവീസിൽ ഉന്നത ഉദ്യോഗസ്ഥന്മാരാവാൻ പ്രത്യേക പരിശീലനം നൽകുകയും ചെയ്തു. പിന്നീട് ഏതാണ്ട് പ്രധാനമന്ത്രി സ്ഥാനത്തിനടുത്തെത്തിയ ദാനിയേലിനോട് അഴിമതിക്കാരായ പലർക്കും അസൂയ തോന്നി, രാജാവിനെ തെറ്റിദ്ധരിപ്പിച്ച്, ഒരിക്കൽ ദാനിയേലിനെ സിംഹങ്ങളുടെ കൂട്ടിൽ ഇട്ടു.

പക്ഷേ, പിന്നീട് സിംഹങ്ങളുമായി സൗഹൃദത്തിൽ കഴിഞ്ഞ ദാനിയേലിനെയാണ് രാജാവ് കണ്ടത്. സത്യദൈവത്തെയല്ലാതെ, ദൈവതുല്യനായി കരുതപ്പെട്ടിരുന്ന രാജാവിനെയോ വിഗ്രഹങ്ങളെയോ വന്ദിക്കുകയില്ല എന്ന നിഷ്ഠപുലർത്തിയ ദാനിയേലിന് അതിനു ശക്തി ലഭിച്ചതു നോമ്പും ഉപവാസവും പ്രാർഥനയും മൂലമാണെന്ന് നോമ്പിലെ ചില പുരാതന പ്രാർഥനകളിൽ ആവർത്തിച്ചു പറയുന്നു. മാത്രമല്ല, ക്രൂരമൃഗങ്ങളെന്ന് കരുതപ്പെടുന്ന സിംഹങ്ങളെയും നോമ്പെടുക്കാൻ ദാനിയേൽ പഠിപ്പിച്ചു എന്നും വ്യാഖ്യാനിക്കുന്നു. ദാനിയേലിന്റെ ആത്മസംയമനവും നിഷ്ക്കളങ്കതയും സിംഹങ്ങളും തിരിച്ചറിഞ്ഞു.

നോമ്പും അനുതാപവും പശ്ചാത്താപവുമൊക്കെ നമ്മുടെ ആത്മാവിന്റെ രക്ഷയ്ക്കാണ് എന്ന് നാം എപ്പോഴും ചിന്തിക്കുമെങ്കിലും, അത് നമുക്കു ചുറ്റുമുള്ള പ്രകൃതിയെപ്പോലും ശാന്തിദായകമാക്കി രൂപാന്തരപ്പെടുത്തും എന്ന സത്യം നാം അധികം ഓർക്കാറില്ല.

നോമ്പും അനുതാപവും പശ്ചാത്താപവുമൊക്കെ നമ്മുടെ ആത്മാവിന്റെ രക്ഷയ്ക്കാണ് എന്ന് നാം എപ്പോഴും ചിന്തിക്കുമെങ്കിലും, അത് നമുക്കു ചുറ്റുമുള്ള പ്രകൃതിയെപ്പോലും ശാന്തിദായകമാക്കി രൂപാന്തരപ്പെടുത്തും എന്ന സത്യം നാം അധികം ഓർക്കാറില്ല.

നമ്മിൽ ആക്രമണവാസന ഉള്ളതുകൊണ്ടാണ് മൃഗങ്ങൾ നമ്മെ ഭയപ്പെടുകയും സ്വരക്ഷയ്ക്കുവേണ്ടി നമ്മെ ആക്രമിക്കുകയും ചെയ്യുന്നത്. മനോഹാരിണിയായ പേടമാനിനെയോ ബലിഷ്ഠനായ കാട്ടുപോത്തിനെയോ കണ്ടാൽ വായിൽ വെള്ളമിറക്കുന്നവരും കീശ വീർപ്പിക്കാൻ ബദ്ധപ്പെടുന്നവരുമുണ്ടല്ലോ.

നന്നായി നോമ്പെടുത്ത്, മനസ്സിൽ നിന്ന് ദുഷ്ടതയും വൈരാഗ്യവും അമിതമായ ആസക്തികളും നീക്കം ചെയ്യുന്നവർ പറുദീസയുടെ അനുഭവത്തിലാണ് എന്ന് സാത്വികരായ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. പറുദീസയിൽ ആദ്യം ആദവും ഹവ്വയും മറ്റെല്ലാ ജീവജാലങ്ങളുമായി സമ്പൂർണ്ണ സൗഹൃദത്തിലായിരുന്നു. വഞ്ചനയും മറയുമില്ലാത്ത സുതാര്യബന്ധമായിരുന്നു അത് എന്നാണല്ലോ ബൈബിളിൽ വിവരിച്ചിരിക്കുന്നത്. ‘തോട്ടത്തിലുള്ള സസ്യലതാദികളൊക്കെ നിങ്ങൾക്ക് ആഹാരമായിരിക്കണം’ എന്നാണ് ദൈവം അവരോട് കൽപിച്ചത്. നോഹയുടെ കാലത്തെ മഹാപ്രളയത്തിനുശേഷമാണ്, മനുഷ്യർ മൃഗങ്ങളെ കൊന്നുതിന്നാൻ തുടങ്ങിയത്. ”സകല മൃഗങ്ങൾക്കും മനുഷ്യനെ പേടിയും നടുക്കവുമായി” എന്നാണ് ബൈബിൾ രേഖപ്പെടുത്തുന്നത് (ഉൽപത്തി 9).

ആഗോളതാപനം, താളം തെറ്റിയ ഋതുക്കൾ തുടങ്ങി പരിസ്ഥിതിയുടെ ദുരന്തം നാം ഇവിടെ അനുഭവിച്ചു തുടങ്ങിക്കഴിഞ്ഞു. അതിന്റെ മുഖ്യകാരണം ദുരമൂത്ത മനുഷ്യരുടെ ആസക്തികളാണ്. പിടിച്ചടക്കാനും, കെട്ടിക്കെട്ടിപ്പൊക്കാനും ഭൂമി തുരന്നിറങ്ങാനും ഒക്കെയുള്ള മനുഷ്യയത്നങ്ങളാണ് ഭൂമിയെ ആസന്നമായ നാശത്തിലേക്ക് നയിക്കുന്നത്.

ഈ നോമ്പുദിവസങ്ങളിൽ, രാവിലെ നാം, നിലത്ത് കാൽതൊടുമ്പോൾ നന്ദിയോടെ സർവചരാചരങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട്, സ്രഷ്ടാവായ ദൈവത്തെ സ്തോത്രം ചെയ്യാം. കർത്താവായ യേശുവെ നീതിയിലും സമാധാനത്തിലും സത്യത്തിലും ഈ പകൽസമയം ഞങ്ങളെ കാത്തുകൊള്ളണമേ എന്ന് ഓരോ പ്രഭാതത്തിലും പ്രാർഥിക്കാം.

❑

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

538. ഫീലിപ്പോച്ചനു. കേസിന്റെ അവധി മാറാതിരിപ്പാൻ ശ്രദ്ധിക്കണമെന്നും, മറ്റു കേസിന്റെ വർത്തമാനങ്ങളും. 103 മകരം 25-നു പരുമല സിമ്മനാരിയിൽ നിന്നും.

546. ... നാം വന്നു വഴക്കുകൾ തീർക്ക അത്യാവശ്യമെങ്കിൽ കേസിന്റെ ഹിയറിംഗ് കഴിയാതെ സാധിക്കയില്ലെന്നും മറ്റും. 103 മകരം 27-നു പരുമല സിമ്മനാരി.

547. പനങ്ങോട്ടേത്തു ഉമ്മച്ചനു. കേസിന്റെ ചിലവിലേക്കു നിരണത്തു പള്ളിയിൽ നിന്നും തരുന്നതിനു നിശ്ചയിച്ച പണം അയച്ചുതരുന്നതിനു. ടി തീയതി. ടി സ്ഥലം.

548. മങ്കുഴിയിൽ ഗീവറുഗീസ് കത്തനാർക്കു. പണമയച്ചു തരണമെന്നും മറ്റും. ടി തീയതി.

... കോട്ടയത്തു സിമ്മനാരിയിൽ എത്തി. രാവിലെ 7 മണിക്കു മനോരമ ചാപ്പലിൽ (ഏലിയാ ചാപ്പലിൽ) കാറിൽ എത്തി. കുർബ്ബാന കഴിഞ്ഞു കിഴക്കേഅറ്റത്തു കുട്ടിയുടെ പെൺകുട്ടിയുടെ വിവാഹം നടത്തിക്കൊടുത്തു. 3 മണിക്കു ചാപ്പലിൽ നിന്നും തിരികെ സിമ്മനാരിയിലേക്കു പോന്നു.

549. ഫീലിപ്പോച്ചനു. ഇവിടത്തെ നാഷണൽ ബാങ്കിൽ 3000 രൂപാ ഏല്പിച്ചിരിക്കുന്നു. അതു തിരുവനന്തപുരത്തു പണത്തിന്റെ ആവശ്യംപോലെ വാങ്ങി മദ്രാസിനു അയച്ചുകൊള്ളണമെന്നും മറ്റും. 103 മകരം 31-നു കോട്ടയത്തു സിമ്മനാരി.

564. ചെറിയമഠത്തിൽ മല്പാനു. കേസിന്റെ വർത്തമാനങ്ങൾ. 103 കുംഭം 1-നു കോട്ടയത്തു സിമ്മനാരി.

565. നാലുന്നാക്കൽ പള്ളിക്കാർക്കും

566. വാകത്താനത്തു പുത്തൻ പള്ളിക്കാർക്കും

567. കങ്ങഴ പള്ളിക്കാർക്കും

568. ഉള്ളാലം പള്ളിക്കാർക്കും

569. മീനടത്തു വലിയപള്ളിക്കാർക്കും

570. ടി വടക്കേ പുത്തൻപള്ളിക്കാർക്കും

571. കൊല്ലാട്ടു പള്ളിക്കാർക്കും

572. ചെറിയമഠത്തിൽ അന്ത്രയോസ് കത്തനാർക്കും. വട്ടിപ്പണക്കേസിന്റെ ചിലവിലേക്കു പണസഹായം ചെയ്യുന്നതിനു. 103 കുംഭം 3-നു കോട്ടയത്തു സിമ്മനാരി.

573. കടമ്മനിട്ട പള്ളിക്കാർക്കു. പ്രിയരെ, ആ പള്ളി ഇടവകപട്ടക്കാരനും വികാരിയുമായ പുത്തൻപുരയ്ക്കൽ ഗീവറുഗീസ് കത്തനാർക്കു ... പതാര വീതത്തിൽ ബാക്കിയുള്ളതു ആ പള്ളിസംബന്ധമായി ഉണ്ടാകുന്ന ശേഷമുള്ള സകല പട്ടത്വ വരുമാനങ്ങളും ... മതിയാകാതെ വരുന്നപക്ഷം പള്ളി വരുമാനത്തിൽ നിന്നും കൂടി ആവശ്യംപോലെ എടുത്തും, ഇപ്പോൾ ആ പള്ളി നടത്തി വരുന്ന വികാരിയായ തെങ്ങുംതറയിൽ ഗീവറുഗീസ് കത്തനാർക്കും അയാളുടെ സഹായിയായി നടത്തിവരുന്ന പട്ടക്കാർക്കും കൂടി കൊടുത്തുകൊള്ളുകയും, ഇനി വേറൊരു കല്പന നാം അയക്കുന്നതു വരെ ആ പള്ളി സംബന്ധമായുള്ള കർമ്മങ്ങൾ, കുറി കൊടുക്കുക മുതലായ ചുമതലകളുള്ള പട്ടക്കാർക്കു ...

577. ... അപ്രകാരമുള്ള പണം എത്തിച്ചുതരുന്നതിനു. 103 കുംഭം 4-നു കോട്ടയം സിമ്മനാരി.

578. ആറാട്ടുപുഴ പള്ളിക്കാർക്കു. കേസിലേക്കു പണമയച്ചുതരുന്നതിനു.

579. ചാവടിയിൽ തൊമ്മിച്ചനു. നാം 12-നു അവിടെ പള്ളിയിൽ തിരുവനന്തപുരം യാത്രയിൽ വരുമെന്നും മറ്റും. 103 കുംഭം 4-നു കോട്ടയം സിമ്മനാരി.



580. നിലയ്ക്കൽ പള്ളിക്കാർക്കു. കേസിന്റെ ചിലവിലേക്കു ഒരു നല്ല സംഖ്യ വേഗം കല്പനയോടു കൂടി കൂടി ... ടി തീയതി. ടി സ്ഥലം.

590. കാർത്തികപ്പിള്ളിക്കാർക്കു. നാം അടുത്ത വ്യാഴാഴ്ച ആ പള്ളിയിൽ എത്തുമ്പോൾ കേസിലേക്കു പണം തരണമെന്നു. 103 കുംഭം 6-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

591. കാരിച്ചാൽ പള്ളിക്കാർക്കും

592. പള്ളിപ്പാട്ടു പള്ളിക്കാർക്കും. കേസിലേക്കുള്ള പണസഹായം അടുത്ത വ്യാഴാഴ്ച കാർത്തികപ്പള്ളിയിൽ എത്തിച്ചുതരുന്നതിനു.

593. തോനയ്ക്കാട്ടു തട്ടാശ്ശേരിൽ യാക്കോബു കത്തനാർക്കു. കേസിലേക്കു പണം ഇടവങ്കാട്ടു വച്ചു തരണമെന്നു.

594. കീത്തലതറയിൽ മത്തായി കത്തനാർക്കു. ഇടവങ്കാട്ടു പള്ളിയിലെ പണം ഒരുക്കി വക്കുന്നതിനു.

595. അറത്തി പള്ളിക്കാർക്കു. കേസിലേക്കു പണം തരണമെന്നു.

596. ... അബ്രഹാം കത്തനാർക്കു. കുണ്ടറ പള്ളിയിലെ പണം വരുന്ന വെള്ളിയാഴ്ച നാം വരുമ്പോൾ തരണമെന്നു.

597. തോട്ടത്തിവീട്ടിൽ കത്തനാർക്കു (ഉമയാറ്റുകര). ടി കാര്യം.

598. പഴഞ്ഞി പള്ളി കൈക്കാരന്മാർക്കു. വട്ടിപ്പണക്കേസിലേക്കു പണസഹായം അയച്ചുതരുന്നതിനു.

600. പുതക്കുഴി കത്തനാച്ചനു. വർത്തമാനങ്ങൾക്കു. 103 മകരം 7-നു കോട്ടയം സിമ്മനാരി.

601. ചെറിയമഠത്തിൽ മല്പാനു. തിരുവനന്തപുരം സണ്ടേസ്കൂൾ സമ്മാനദാനത്തിൽ ആദ്ധ്യക്ഷം വഹിക്കണമെന്നു.

602. ... കത്തനാർക്കു. പിരിഞ്ഞുകിട്ടിയതും പിരിയാനുള്ളതുമായ പണം കൊണ്ടു കണ്ണംകോട്ടു പള്ളിയിൽ വെള്ളിയാഴ്ച വരണമെന്നു.

603. വടക്കേടത്തു ഗീവറുഗീസ് കത്തനാർക്കു. പണപ്പിരിവു തുക വെള്ളി

യാഴ്ച കൊണ്ടുവരണമെന്നു.

604. മുളമൂട്ടിൽ തോമ്മസു കത്തനാർക്കു. പ്രക്കാനത്തു പള്ളിയിൽ നിന്നുള്ള പണസഹായം അയച്ചുതരണമെന്നു. 103 മകരം 7-നു കോട്ടയം സിമ്മനാരി.

606. ... 103 കുംഭം 9-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

607. ജോൺ വക്കീലിനു. കേസിന്റെ സംഗതികൾക്കു.

608. കെ. സി. മാത്യുവിനു. ടി കാര്യങ്ങൾ.

609. പാലപ്പിള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾ.

610. അയിരൂർ പഴയപള്ളിക്കാർക്കു. പ്രിയരെ, ആ പള്ളി കാര്യാദികളുടെ നടത്തിപ്പിനു നിങ്ങൾ യോഗം കൂടി പുതിയ ചുമതലക്കാരെ തിരഞ്ഞെടുത്ത വിവരത്തിനു വികാരി കുറുന്തോട്ടത്തിൽ ഫീലിപ്പോസു കത്തനാർ ഈ മാസം 3-നു അയച്ച റിപ്പോർട്ട് കിട്ടി. വായിച്ചു കണ്ടതിൽ നാം സന്തോഷിക്കുന്നു. നിങ്ങളുടെ തിരഞ്ഞെടുപ്പും അപേക്ഷയും അനുസരിച്ചു ചെമ്പോനിയിൽ ഉമ്മൻ ചെറിയാനെ മുതൽചുമതലയ്ക്കും വടക്കേ തരുവഞ്ചി ... അബ്രഹാമിനെ കണക്കെഴുത്തിനും ഈ കല്പന മൂലം നിയമിച്ചിരിക്കുന്നു. ... ചേരുന്നതിനു അപേക്ഷയുണ്ടല്ലോ. അവിടെ മൂന്നു പ്രാർത്ഥനായോഗങ്ങൾ ഉള്ളതിൽ കിഴക്കേ പ്രാർത്ഥനായോഗത്തിൽ കൂടിനടക്കണമെന്നാണു ടിയാന്റെ അപേക്ഷ. ടിയാന്റെ സൗകര്യവും അപേക്ഷയും അനുസരിച്ചു കഴിഞ്ഞ പ്രാർത്ഥനായോഗത്തിൽ വേറൊരു കല്പന ഉണ്ടാകുന്നതുവരെ ടിയാനെ കൂട്ടി നടത്തിക്കൊള്ളണം എന്നും മറ്റും. 103 കുംഭം 4-നു മാവേലിക്കര പുതിയകാവു പള്ളിയിൽ നിന്നും.

... തിരികെ കാറിൽ കയറി 4 മണിക്കു തിരുവനന്തപുരത്തു പള്ളിയിൽ എത്തി താമസിച്ചു.

14-നു ഞായർ 4 മണിക്കു തിരുവനന്തപുരത്തെ സണ്ടേസ്കൂൾ സമ്മാന ദാന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

16-നു ചൊവ്വാഴ്ച നാലു മണിക്കു കാഴ്ചബങ്കളാവിൽ പോയി പാർക്കിൽ നടന്നു മൃഗങ്ങളെയെല്ലാം കണ്ടു.

20-നു ശനിയാഴ്ച പത്രോസു മത്തായിയുടെ കൂടെ ടിയാന്റെ പാട്ടത്തിനു ഏറ്റിരിക്കുന്ന പേരൂക്കടയുള്ള കമ്പനി കാണ്മാൻ പോയി. ഒന്നര മണിക്കൂർ അവിടെ താമസിച്ചു. ...

616. മട്ടയ്ക്കൽ മല്പാനു. ... 103 കുംഭം 22-നു തിരുവനന്തപുരത്തു പള്ളിയിൽ നിന്നും.

617. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും.

618. ചക്കിട്ടേടത്തു തോമ്മസു കത്തനാർക്കു. ...

623. പാമ്പാടികണ്ടത്തിൽ കത്തനാർക്കു. എടക്കാട്ടുകുന്നേൽ മുതലായ പള്ളികളിൽ നിന്നും പണം പിരിച്ചു അയച്ചുതരുന്നതിനു. 103 കുംഭം 23-നു തിരുവനന്തപുരം.

624. പഴയമഠത്തിൽ മാത്യൂസ് കത്തനാർക്കു. ഉള്ളായത്തിൽ നിന്നും കേസിലേക്കു പണം അയപ്പിക്കുന്നതിനു.

638. വലിയവീട്ടിൽ അലക്സന്ത്രയോസു കത്തനാർക്കു. കൊല്ലം ഇടവകയിൽപെട്ട തെക്കൻ പള്ളികളിൽ നിന്നും കേസിലേക്കു പണം പിരിച്ചയക്കുന്നതിനു അധികാരപ്പെടുത്തിയ കല്പന. 103 കുംഭം 28-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

639. കാർത്തികപ്പിള്ളി പള്ളിക്കാർക്കു. പ്രിയരെ, ആ പള്ളിയുടെ മുതൽകെട്ടുകാരനായിരുന്ന പൊൻവേലിൽ ചെറിയാൻ ഗീവറുഗീസു ടിയാന്റെ ചുമതല ഒഴിഞ്ഞതിനാൽ കഴിഞ്ഞ വൃശ്ചികം ഒന്നിലെ മുതൽക്കുള്ള പള്ളിവരുമാനങ്ങൾ വരവു ചിലവുകൾക്കുള്ള കണക്കോടു വികാരി മാത്തൻ കത്തനാർ സൂക്ഷിച്ചുവരികയാണെന്നും ഇപ്പോൾ മുതൽകെട്ടുകാരനായി എരിക്കാവിൽ വടക്കേതുണ്ടേരിൽ തോമസ് മാത്യുവിനെ യോഗം തിരഞ്ഞെടുത്തിരിക്കുന്നുവെന്നും ടിയാനെ ചുമതലയ്ക്കു നിശ്ചയിച്ചു കല്പന അയക്കണമെന്നും മറ്റും ആ പള്ളി വികാരി മാത്തൻ കത്തനാരുടെ റിപ്പോർട്ടു ഇന്നു നമുക്കു കിട്ടുകയാൽ ...

643. പാറേട്ടു കത്തനാർക്കു. വർത്തമാനങ്ങൾ അറിയിച്ചുതരുന്നതിനു. 103 കുംഭം 26-നു തിരുവനന്തപുരത്തു പള്ളിയിൽ നിന്നും.

644. മുളമൂട്ടിൽ തോമ്മസു കത്തനാർക്കു. ടിയാന്റെ മകളുടെ മരണത്തിൽ അനുശോചിച്ചു.

645. പര്യാരത്തു വടക്കേക്കര തോമ്മസു കത്തനാർക്കു. പള്ളിയിൽ നിന്നും പണമയക്കുന്നതിനു.

646. തകിടിയിൽ തോമ്മസു കത്തനാർക്കു. കാരിച്ചാൽ പള്ളിയിൽ നിന്നു പണം അയച്ചുതരുന്നതിനും മറ്റും. 103 കുംഭം 26-നു തിരുവനന്തപുരം പള്ളി.

647. ആലപ്പുഴ പള്ളി വികാരി വഞ്ചിയിൽ ഫീലിപ്പോസു കത്തനാർക്കു. ആലപ്പുഴ പള്ളി ഭരണം ഉപേക്ഷിച്ചു താൻ ... യിൽ പോകയാണെന്നും തന്മൂലം ... ആലപ്പുഴ പള്ളിക്കു തനിക്കു പകരം ...

649. തയ്യിൽ കൊച്ചീപ്പച്ചനു. ശേഷയ്യർക്കു കൊടുപ്പാൻ 250 രൂപ പൂതക്കുഴിയിൽ കത്തനാരുവശം കൊടുക്കണമെന്നു. 103 കുംഭം 27-നു തിരുവനന്തപുരത്തു പള്ളിയിൽ നിന്നും.

650. വർക്കിപ്പിള്ളയ്ക്കു. സമരിക്കേസിനെപ്പറ്റിയും മറ്റും. ടി തീയതി. ടി സ്ഥലം.

651. പി. പി. തൊമ്മൻ മാസ്റ്റർക്കു. സമരിക്കേസ്, വട്ടിപ്പണക്കേസ് മുതലായവ സംബന്ധിച്ചുള്ള കാര്യങ്ങൾക്കു.

652. ഫാ. അലക്സിയോസിനു. സുഖത്തോടെ ... എത്തിയതായി അറിഞ്ഞു സന്തോഷിക്കുന്നുയെന്നു പ്രതിഫലേച്ഛ ...

665. ... മെന്നും വേണ്ടപ്രകാരം ആലോചിക്കണമെന്നും മറ്റും. 103 മീനം 1-നു തിരുവനന്തപുരം പള്ളി.

666. ആറാട്ടുപുഴ പള്ളിക്കാർക്കു. കൊല്ലമ്പറമ്പിൽ അയ്പ് നൈനാൻ വശം അയച്ചുതന്ന രൂപാ അമ്പതും കിട്ടിയെന്നു. 103 മീനം 10-നു. ടി സ്ഥലം.

667. മട്ടയ്ക്കൽ മല്പാനു. കായലിലെ നെല്ലു വരുത്തുന്നതിനും വർക്കിപ്പിള്ളയ്ക്കു തൽക്കാലം 150 രൂപാ കൊടുപ്പാനും.

668. വർക്കിപ്പിള്ളയ്ക്കു. 150 രൂപ മല്പാൻ തരുമെന്നും വർത്തമാനങ്ങൾക്കും.

669. പനയ്ക്കൽ ...ക്കിനു. അപ്പന്റെ മരണത്തിൽ അനുശോചിച്ചു.

670. ചന്ദനപ്പിള്ളി പള്ളിയിലെ കശീശന്മാർക്കു. ...

675. ... അയച്ച രൂപാ നൂറും, നേന്ത്രവേലി പാട്ടം വകയിൽ നിന്നും അയച്ച രൂപാ 1000 വും കിട്ടിയെന്നുള്ള വിവരത്തിനു. 103 മീനം 13-നു തിരുവനന്തപുരം പള്ളി.

676. കക്കുടി കത്തനാർക്കു. വെണ്ണിക്കുളം പള്ളിയിൽ നിന്നും രൂപാ അയച്ചു തരുന്നതിനു.

677. നെടുമ്പ്രോത്തു കീവറീച്ചനും

678. കലയങ്കാട്ടിൽ കത്തനാച്ചനും. കവിയൂരെ പണം അയച്ചുതരുന്നതിനു.

679. വഴിപ്പുരയ്ക്കൽ ഗീവറുഗീസു കത്തനാർക്കു. ചേപ്പാട്ടെ അനാവശ്യ വഴക്കിൽ ചേർന്നു ... ടി തീയതി. ടി സ്ഥലം.

685. ... തന്ന രൂപാ 25 ഉം കിട്ടിയതിനു. 103 മീനം 13-നു പരുമല സിമ്മനാരി.

686. കേസിന്റെ ചിലവിലേക്കു അയച്ചുതന്ന രൂപാ ... കിട്ടിയെന്നു. താഴെ വരുന്ന പള്ളികളിലേക്ക് കല്പന അയച്ചു.

687. നിരണം ... 500 രൂപാ. ടി തീയതി.

688. തുമ്പമൺ, തട്ട, നരിയാപുരം, നടുവിലേമുറി, ... ഈ മുറികളിൽ നിന്നും 100-110-76-37. ... കൊച്ചുമ്മൻ വാദ്ധ്യാരുടെ 55 ഇവയടക്കം ... 325 + 55 = 380 രൂപായ്ക്കു.

699. ... പുത്തൻപറമ്പിൽ വർക്കി കുര്യനെ മുതൽപിടിയായും മുൻ കണക്കനായ ചെത്തിപ്പുരക്കൽ പുളിമൂട്ടിൽ വർക്കി കുര്യനെ കണക്കനായും ഈ കല്പന മൂലം ഒരാണ്ടത്തേക്കു നാം നിയമിച്ചു സ്ഥിരപ്പെടുത്തിയിരിക്കുന്നതിനാൽ അവരുടെ ചുമതലകളെ ഭംഗിയായും കൃത്യമായും അവരെക്കൊണ്ടു നടത്തിച്ചുകൊള്ളണം. തിരട്ടു നാം അനുവദിച്ചു പാസ്സാക്കി അതിൽ നമ്മുടെ ഒപ്പും മുദ്രയും വച്ചു തിരികെ അയക്കുന്നതു റിക്കാർട്ടിൽ സൂക്ഷിച്ചുകൊള്ളണം. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയക്കുന്നതാണ്. എന്നു 1103 മീനം 22-നു. പരുമല സിമ്മനാരി.

700. മട്ടയ്ക്കൽ മല്പാനു. കായലിന്റെ പാട്ട സംഗതിയെക്കുറിച്ചും മറ്റും. 103 മീനം 23-നു പരുമല.

701. പാലപ്പിള്ളിൽ കത്തനാർക്കു. മൂവാറ്റുപുഴ ചാപ്പൽ സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റിയും മറ്റും. ടി തീയതി.

702. ... ഗീവറുഗീസു കത്തനാർക്കു. കേസിന്റെ വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

703. പനയ്ക്കൽ ഇട്ടൂപ്പു ...

704. ... ഭരണഘടനയ്ക്കു ആവശ്യമായ രണ്ടുപേരെ യോഗം കൂടി തിരഞ്ഞെടുത്തു അവരുടെ പേരുകൾ നമ്മെയോ കൊച്ചുമെത്രാച്ചനെയോ അറിയിച്ചു അനുവദിച്ചുകൊള്ളണമെന്നും മറ്റും. 103 മീനം 24-നു പരുമല സിമ്മനാരിയിൽ നിന്നും.

705. ചെങ്ങന്നൂർ പള്ളികളിലെ കശ്ശീശന്മാർക്കു. ടി കല്പനയിലെ കാര്യങ്ങൾ തന്നെ. സ്ലീബാ പ്രതിഷ്ഠയും സ്ലീബാ കൂദാശ ... ആദ്യ കുർബ്ബാനയും എല്ലാ കശ്ശീശന്മാരും കൂടി നടത്തുന്നതിനു പൊതുവെയും, അവരിൽ പൂവത്തൂർ ഫീലിപ്പോസു കത്തനാർ അതു നടത്തിക്കൊടുക്കുന്നതിനു പ്രത്യേകിച്ചു ചുമതല മേലാൽ ക്രമമായി മൂപ്പുമുറയനുസരിച്ചു തവണ നടത്തുന്നതിനും. 103 മീനം 29-നു പരുമല സിമ്മനാരി.

ഉപ്പൂട്ടിൽ യാക്കോബ് കത്തനാർ അന്തരിച്ചു

103 മീനം 29-നു പരുമല. ഉപ്പൂട്ടിൽ മൂപ്പച്ചൻ ഇന്നലെ വെളുപ്പിനു മരിച്ചു. അവിടെ നിന്നും കാർ വന്നതനുസരിച്ചു ഇന്നു വെളുപ്പിനു ഇവിടെ നിന്നും തിരിച്ചു ഏഴര മണിക്കു ... 10 മണിയോടു കൂടി കാതോലിക്കാ ബാവായും സിമ്മനാരിയിൽ എത്തി. ഉച്ചകഴിഞ്ഞു കാതോലിക്കായും സ്വരുമിച്ചു കാറിൽ പുത്തൻപള്ളിയിൽ എത്തി ഉപ്പൂട്ടിൽ മൂപ്പച്ചന്റെ ശവസംസ്കാരകർമ്മം കഴിച്ചു നാലര മണിയോടു കൂടി തിരികെ സിമ്മനാരിയിൽ എത്തി. ... സിമ്മനാരിയിൽ താമസിച്ചു. 103 മീനം 26-നു ഞായർ രാവിലെ കാറിൽ പരുമലയിലേക്കു തിരിച്ചു. ഏഴര മണിക്കു പരുമല സിമ്മനാരിയിൽ എത്തി. ഇന്നു ഊശാനാ.

(ഇതേ കാര്യത്തെക്കുറിച്ച് രണ്ടാം കാതോലിക്കാ പ. ഗീവർഗീസ് പ്രഥമൻ ബാവാ ഡയറിയിൽ എഴുതിയതു കൂടി വായിക്കുക: **മീനം 25:** രാത്രി കോട്ടയത്ത് ഉപ്പൂട്ടിൽ കത്തനാർ വരുകയും അയാളുടെ കാർണവർ യാക്കോബു കത്തനാർ 88 വയസ്സ് മരിച്ചുപോയെന്നും ശവസംസ്കാരത്തിനു ചെല്ലണമെന്ന് പറഞ്ഞുംവച്ച് അയാൾ തിരികെ പോകുകയും ചെയ്തു. 23-നു വള്ളിക്കാട്ടു പള്ളിയിൽ നാം വി. കുർബാന ചൊല്ലി. ടി ദിവസം 9 മണിക്ക് കോട്ടയത്തു നിന്നു കാർ വരുകയാൽ അവിടേയ്ക്കു പുറപ്പെട്ട് സെമിനാരിയിൽ എത്തി. അപ്പോൾ മാർ ദീവന്നാസ്യോസ് മെത്രാച്ചനും അവിടെ ടി സംഗതിക്കായി പരുമല നിന്നും എത്തിയിരുന്നു. ഉച്ചഭക്ഷണം കഴിച്ച് അവിടെനിന്ന് പുത്തൻപള്ളിയിലേയ്ക്കു പോകുകയും ശവസംസ്കാര ശുശ്രൂഷ ദീവന്നാസ്യോസ് മെത്രാൻ, പാമ്പാടി റമ്പാച്ചൻ മട്ടയ്ക്കൽ മല്പാൻ, ചെറിയമഠം സ്കറിയാ കത്തനാർ, പല ശെമ്മാശന്മാർ മുതലായവരുടെ സഹകരണത്തിൽ നടത്തി. അന്ന് മെത്രാച്ചൻ മരിച്ചുപോയ അച്ചന്റെ ഗുണഗണങ്ങളെക്കുറിച്ച് ദീർഘമായി പ്രസംഗിച്ചു. അതിനുശേഷം കൈമുത്തി എല്ലാവരും പിരിയുകയും ചെയ്തു. ഉടനെ ഉപ്പൂട്ടിൽ കയറി ലഘുഭക്ഷണവും കഴിച്ചു. മെത്രാച്ചൻ സെമിനാരിയിലേയ്ക്കും നാം കുഴിമറ്റത്തേയ്ക്കും പോരുകയും ചെയ്തു.)

706. മട്ടയ്ക്കൽ മല്പാനു. ...

707. കൊണ്ടാട്ടുപറമ്പിൽ കൊച്ചുപോത്തനു. കഴിഞ്ഞ 22-നു അയച്ച കല്പനയുടെ സംഗതി ഓർമ്മിപ്പിച്ചു. 103 മേടം 4-നു പരുമല.

708. റവ. വി. എം. ജോസെപ്പിനു. വർത്തമാനങ്ങളും മറ്റും. ടി തീയതി. ടി സ്ഥലം.

709. പി. പി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കു.

710. പാലപ്പിള്ളി കത്തനാച്ചനു. വർത്തമാനങ്ങൾക്കു.

711. കൊച്ചയിപ്പു വാദ്ധ്യാർക്കു. മാജിക്ക് ലാന്റൺ പ്രസംഗങ്ങൾ നല്ലതാണെന്നും, അതിനായും മറ്റും മുമ്പു നാം കല്പന തന്നിട്ടുള്ളതു മതിയെന്നും. ...

726. ബഥനി മെത്രാച്ചനു. വർത്തമാനങ്ങൾക്കു. 103 മേടം 11-നു പരുമല.

727. കാതോലിക്കാ ബാവായ്ക്കു. പള്ളത്തു പുത്തൻപള്ളി സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

728. പി. എം. പത്രോസിനു. വർത്തമാനങ്ങൾക്കു.

729. മണ്ണിക്കോയിക്കൽ ദാവീദിനു. പള്ളി സംഗതി, മകന്റെ പട്ടംകൊട മുതലായവ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.



730. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു.

731. തെരുവത്തു ഈശോ കത്തനാർക്കു. പള്ളിക്കേസു സംബന്ധിച്ചും മറ്റും. 103 മേടം 11-നു പരുമല.

732. തോട്ടമൺ പള്ളി പൊതുയോഗ സിക്രട്ടറി തെങ്ങും തോട്ടത്തിൽ പുന്നൂസു സഖറിയായ്ക്കു. പ്രിയനെ, കഴിഞ്ഞ മീനം 6-നും 22-നും അയച്ച അപേക്ഷകൾ രണ്ടും കിട്ടി. അവിടുത്തെ കുഴപ്പങ്ങളെക്കുറിച്ചറിയുന്നതിൽ ഖേദിക്കുന്നു. പള്ളി ഇടവകക്കാരുടെ ഒരു ... പൊതുയോഗ നിശ്ചയങ്ങളെ ...

732. ... പരിഹാരമുണ്ടാക്കാമെന്നു നമ്മുടെ പ്രിയനോ ഇടവകയോഗമോ വിചാരിക്കാതെ നമ്മുടെ പ്രിയനും ഇടവക പ്രധാനികളിൽ ഏതാനും ആളുകളും കൂടി നമ്മുടെ അടുക്കൽ വന്നു സംഗതികൾ നമ്മെ മുഴുവനായി മനസ്സിലാക്കിയതിന്റെ ശേഷം ഇതിലേക്കു വേണ്ടപ്പെട്ട കല്പന നമ്മോടാവശ്യപ്പെടേണ്ടതാണെന്നു മാത്രം തൽക്കാലം നാം പറഞ്ഞുകൊള്ളുന്നു. ആ ഇടവക യോഗം സംബന്ധിച്ചോ അപേക്ഷക്കാരനായ നമ്മുടെ പ്രിയനെ സംബന്ധിച്ചോ നമുക്കു സ്നേഹവും താല്പര്യവും ഇല്ലാത്തതുകൊണ്ടു ഈവിധം നാം പറയുന്നതാണെന്നു അഭിപ്രായപ്പെടുകയില്ലെന്നു വിശ്വസിക്കുന്നു. നിങ്ങളുടെ പൊതുയോഗ നിശ്ചയം, വായനയോഗത്തിലെ റിപ്പോർട്ടുകൾ മുതലായ റിക്കാർട്ടുകളും ... 103 മേടം 14-നു പരുമല സിമ്മനാരി.

734. ഒ. എം. ചെറിയാച്ചനു. കല്യാണ കാര്യത്തെക്കുറിച്ചു. 103 മേടം 14-നു പരുമല സിമ്മനാരി.

739. ഒ. എം. ചെറിയാച്ചനു. പെണ്ണിനെ .... വന്നു കാണുന്ന കാര്യത്തിനു പീലിക്കുഞ്ഞിനു എഴുതിയിട്ടുണ്ടെന്നു. 103 മേടം 25-നു പരുമല സിമ്മനാരി.

740. ... പീലിക്കുഞ്ഞിനു. ടി കാര്യം.

748. ... പറഞ്ഞപ്രകാരം ചാക്കുണ്ണി അന്നു കോട്ടയത്തു വരുന്നതാണ്. അപ്പോൾ താനും വേറെ ആവശ്യപ്പെട്ടവരും കൂടി കോട്ടയത്തു വന്നുചേരണമെന്നും മറ്റും. 103 മേടം 29-നു പരുമല സിമ്മനാരിയിൽ നിന്നും.

749. കൊല്ലന്റേത്തു കൊച്ചീപ്പച്ചനു. പ്രക്കാനത്തു പള്ളിക്കാര്യങ്ങളുടെ കുഴപ്പങ്ങളെക്കുറിച്ചു കേട്ടു തീരുമാനിപ്പാനായി താൻ ഇടവം 8-നു അടുത്ത വെള്ളിയാഴ്ച ഇവിടെ വന്നുചേരണം. മുളമൂട്ടിൽ കത്തനാച്ചനും ആശാരിയേത്തു കത്തനാച്ചനും പള്ളിക്കാരും അന്നു വന്നുചേരാൻ നാം കല്പന അയച്ചിട്ടുണ്ടെന്നും മറ്റും. ടി സ്ഥലം. ടി തീയതി.

750. മുളമൂട്ടിൽ കത്തനാർക്കും ആശാരിയേത്തു കത്തനാർക്കും. പ്രക്കാനത്തു പള്ളിക്കുഴപ്പങ്ങളെ സംബന്ധിച്ചു കേട്ടു തീരുമാനിക്കുന്നതിന് ഇടവം 8-നു വെള്ളിയാഴ്ച ഇവിടെ വന്നുചേരണമെന്നു. ടി സ്ഥലം. ടി തീയതി.

755. ... ആലോചന വേണമെന്നു നിർബന്ധിക്കുവാൻ പാടുള്ളതല്ലെന്നും, ഇതു സംബന്ധമായി ചില സംഗതികൾ പറവാനുള്ളതു തമ്മിൽ കാണുമ്പോൾ പറഞ്ഞോളാമെന്നും മറ്റും. 103 ഇടവം 10-നു പരുമല സിമ്മനാരി.

756. ... വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു. ... പള്ളിയുടെയും കൂദാശയ്ക്കു നമുക്കു സംബന്ധിപ്പാനായിട്ടു സൗകര്യമില്ലെന്നും ... ഖേദിക്കുന്നു എന്നും മറ്റും. 103 ഇടവം 10-നു പരുമല സിമ്മനാരി.

760. ... കൊച്ചുമെത്രാച്ചനോടു വാങ്ങിക്കൊള്ളുന്നതാണു നല്ലതെന്നും മറ്റും. 103 ഇടവം 16-നു പരുമല സിമ്മനാരി.

761. കല്ലുങ്കൽ മത്തായി കത്തനാർക്കു. തിരുവനന്തപുരം ... സ്കറിയാ മല്പാന്റെ സ്ഥാനത്തിനു പലരും ആഗ്രഹിക്കുന്നുണ്ട്. തന്റെ ആഗ്രഹത്തിനു ... കമ്മിറ്റിക്കു എഴുതി അറിയിക്കയാണു നല്ലതെന്നും മറ്റും. ടി തീയതി.

762. ... മാത്തൻ ജോസെപ്പ് വക്കീലിനു. മൂവാറ്റുപുഴ പള്ളി സ്ഥാപിക്കുന്ന കാര്യത്തിനു ഉടൻ ...

763. ... കൊടുത്തു പള്ളിയുടെ വികാരി പേരൂക്കാവിൽ ഗീവറുഗീസു കത്തനാരുടെ കുറി വാങ്ങിക്കാതെ അങ്ങോട്ടു വരുവാൻ പെണ്ണിന്റെ വീട്ടുകാർ ആലോചിച്ചിരിക്കുന്നതായും മറ്റും പെരിശ്ശേരി പള്ളിക്കാർ നമ്മുടെ മുമ്പാകെ ബോധിപ്പിച്ചിരിക്കുന്നതിനാൽ ഇപ്പോൾ ഈ കല്പന നിങ്ങൾക്കു നാം അയക്കുന്നതാണ്. പെരിശ്ശേരി പള്ളിക്കു ചെല്ലേണ്ടതായ മേൽപറഞ്ഞ സംഖ്യ കൊടുത്തു വികാരിയുടെ കുറിയോടുകൂടി വരാത്തപക്ഷം മേൽപറഞ്ഞ സംഖ്യയും വികാരിയുടെ അവകാശമായ കുറിപ്പണവും പുതിയകാവു പള്ളിയിൽ അവരെക്കൊണ്ടു കെട്ടിവയ്പ്പിച്ചതിന്റെ ശേഷം ...

772. ... മെന്നു പറഞ്ഞിട്ടുണ്ട്. അപ്പോൾ വിവരമായി എഴുതിക്കൊള്ളാമെന്നും മറ്റും. 103 ഇടവം 17-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

773. പാലപ്പിള്ളിൽ കത്തനാർക്കു. മൂവാറ്റുപുഴ സ്ഥലത്തിന്റെ സർവ്വേ നമ്പരു മുതലായതു അറിയിക്കണമെന്നും അവിടെ ഒരു ചാപ്പൽ തീർക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1103 ഇടവം 16-നു ചൊവ്വാഴ്ച ഉച്ചകഴിഞ്ഞു 2 മണിക്കു അഞ്ചേരിൽ കോശി വർക്കിപ്പിള്ള മരിച്ചതായി അറിഞ്ഞു. 17-നു ബുധനാഴ്ച ഉച്ചയ്ക്കു മുമ്പായി നാം ... പോയി ശവസംസ്കാരകർമ്മം നടത്തി.

774. ഫീലിപ്പോസു കത്തനാർക്കു. കടവിൽ കൊച്ചൂഞ്ഞിന്റെ മകൻ ചാക്കോയ്ക്കു കല്യാണത്തിനു പരുമല സിമ്മനാരിയിൽ ... ഒരു രൂപായും രണ്ടു ... കൊടുക്കുന്നതിനു. 103 ഇടവം 17-നു കോട്ടയത്തു സിമ്മനാരി.

782. കോലിൽ അബ്രഹാം കത്തനാർക്കു. ടിയാന്റെ പള്ളിപണിയെക്കുറിച്ചറിഞ്ഞതിൽ സന്തോഷിക്കുന്നു എന്നും മറ്റും.

783. പാലത്തിങ്കൽ ഇത്താപ്പിരിക്കു. വർത്തമാനങ്ങൾക്കു.

784. കരവട്ടുവീട്ടിൽ മത്തയ്ക്കു. കർമ്മേൽ പണിയെക്കുറിച്ചു ഉത്സാഹിച്ചു വരുന്നുയെന്നും മറ്റും.

785. ചാലിൽ പാത്രയിൽ കുഞ്ഞിച്ചെറിയയ്ക്കു. വർത്തമാനങ്ങൾക്കും മുളന്തുരുത്തി പള്ളിക്കാര്യങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

103 ഇടവം 21-നു ഞായറാഴ്ച (പെന്തിക്കുസ്തി) ഇന്നു ... പെന്തിക്കുസ്തി ശുശ്രൂഷകൾ കഴിച്ചു. ... പള്ളിയിടവകയിൽപെട്ട രണ്ടു പിള്ളാർക്കു കോറൂയോ പട്ടം കൊടുത്തു.

786. വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാർക്കു. പൈനുംമൂട്ടിൽ ...

792. ... അവകാശികളായി രണ്ടു പേരുള്ളവരിൽ ആരെ നിയമിക്കണമെന്നു തീർച്ചപ്പെടുത്തുന്നതിനും മറ്റും. 103 ഇടവം 26-നു കോട്ടയം സിമ്മനാരി.

793. കെ. കെ. ലൂക്കോസ് വക്കീലിന്. കല്ലിശ്ശേരിക്കാരൻ പി. സി. തോമസ് എൽ.എം.പി. ക്കു മെഡിക്കൽ ഡിപ്പാർട്ട്മെന്റിലേക്കു ... അസിസ്റ്റന്റ് സർജൻ ഉദ്യോഗം കൊടുക്കുന്നതിനു ... വിചാരിച്ചാൽ സാധിക്കുമെന്നും അങ്ങിനെ ചെയ്തു കാണ്മാൻ നാം ആഗ്രഹിക്കുന്നു എന്നും മറ്റും. 103 ഇടവം 29-നു കോട്ടയം സിമ്മനാരി.

794. കാതോലിക്കാ ബാവായ്ക്കു. കേസ് വിധിയായാൽ ഉടൻ ...

806. പഴവമ്മാലിൽ പാപ്പിക്കു. നിലം പാട്ടത്തിനു തരുന്നതിനു പരുമല കത്തനാച്ചനു എഴുതിയിട്ടുണ്ട്. പാട്ടചീട്ടു എഴുതിക്കൊടുത്തു നിലം നടന്നുകൊള്ളണം. പാട്ടം സമയം തെറ്റാതെ നിർബ്ബന്ധമായി അളക്കണം. 103 ഇടവം 31-നു കോട്ടയം സിമ്മനാരി.

807. വിലനിലത്തു മത്തായി കത്തനാർക്കു. ജോലിക്കാര്യത്തെപ്പറ്റി വടക്കേത്തലയ്ക്കൽ കത്തനാച്ചന്റെ പേർക്കു എഴുതിയിട്ടുള്ളതു കൂടാതെ നിങ്ങൾ ഇവിടെ വന്നപ്പോൾ പറഞ്ഞതിൽ കൂടുതലായി എന്താണു പറവാനുള്ളതു. ഒന്നുമില്ല എന്നും മറ്റും.

808. ഇ. ജെ. ഫീലിപ്പോസ് വക്കീലിനു. കേസിന്റെ വർത്തമാനം അറിയിക്കുന്നതിനു.

809. പൂതക്കുഴി കത്തനാച്ചനും

810. കെ. സി. മാത്യുവിനും

811. ഇ. ജെ ഫീലിപ്പോസ് വക്കീലിനും

812. കെ. സി. ഈപ്പച്ചനും

813. കൊച്ചുമാത്തച്ചനും. ടി വർത്തമാനത്തിനു. 103 ഇടവം 31-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

814. ബഥനി മെത്രാച്ചനു. വർത്തമാനങ്ങൾക്കും കേസിന്റെ വിധിയുണ്ടായാൽ അറിയിക്കണമെന്നും മറ്റും. 103 മിഥുനം 2-നു കോട്ടയം സിമ്മനാരി.

815. പാലപ്പിള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾക്കു.

821. പുതിയിടത്തു ചാവടിയിൽ അലക്സാണ്ടറിനു. പ്രിയനെ, കഴിഞ്ഞ മാസം 30-നു അയച്ച എഴുത്തും ആണ്ടു റിക്കാർട്ടുകളുടെ ഏതാനും ചില ഭാഗങ്ങളുടെ പകർപ്പും അയച്ചുതന്നതു ഇവിടെ കിട്ടി. അതുകൾ വായിച്ചു നോക്കിയതിൽ എഴുത്തിൽ പറയുന്ന ഒഴിവുകൾക്കു ന്യായമായിട്ടുള്ള ... ന്നതാണല്ലോ. കൊച്ചുമാത്തച്ചന്റെ അവകാശങ്ങളേക്കാൾ ശെമ്മാശന്റെ അവകാശം കൂടുതലാക്കുവാൻ ഉപയോഗിച്ചിരിക്കുന്ന വ്യാഖ്യാനങ്ങളെയാണ് നമുക്കശേഷവും മനസ്സിലാക്കുവാൻ കഴിയാതിരിക്കുന്നതു. കൊച്ചുമാത്തച്ചൻ ഏകദേശം ഒന്നുരണ്ടു വർഷത്തോളവും അവിടെ ജോലി നോക്കിയിട്ടുണ്ടല്ലോ. ശെമ്മാശൻ രണ്ടു മാസം പോലും തികച്ചു നോക്കിയിട്ടുണ്ടോയെന്നു സംശയമാണ്. ശെമ്മാശനെ നിയമിക്കയും അയാൾ സ്കൂൾ വിട്ടുപോകയും ചെയ്തതിന്റെ ശേഷമുണ്ടായ ഇൻസ്പെക്ടറുടെ ഓർഡറിനെ അടിസ്ഥാനപ്പെടുത്തിയാണു ശെമ്മാശനെ നിയമിച്ചതെന്നുള്ള നമ്മുടെ പ്രിയന്റെ വ്യാഖ്യാനം വളരെ അദ്ഭുതകരമായിരിക്കുന്നു. ... ഒഴിവിലേക്കു വേറൊരുവനെ തൽക്കാലം ആക്ടിംഗ് ആയി നിയമിപ്പാൻ പാടില്ലെന്നു പറയുന്നതിന്റെ യുക്തിയും നമുക്ക് മനസ്സിലാകുന്നില്ല. പരീക്ഷാർത്ഥമായി ഏതു സ്ഥലത്തേക്കും ഒരുവനെ തൽക്കാലത്തേക്ക് നിയമിപ്പാൻ ഗവർമ്മെണ്ടു മേലാവുകൾ മാനേജർമാരെ വിരോധിക്കുന്നതല്ലെന്നാണു നമ്മുടെ വിശ്വാസവും അറിവും. ശെമ്മാശനു വേണ്ടി ... നമ്മെ അവമാനിപ്പാനുള്ളതു എന്താണെന്നു അറിയിച്ചുതന്നാൽ കൊള്ളാം. കൊച്ചുമാത്തച്ചൻ അവധി ചോദിക്കാതെയാണു പോയതെന്നു പറയുന്നുണ്ടല്ലോ. നമ്മുടെ പ്രിയനോ അവധി ചോദിച്ചപ്പോൾ ഹെഡ്മാസ്റ്ററോടു ചോദിച്ചാൽ മതിയെന്നു പറഞ്ഞതനുസരിച്ചു ഹെഡ്മാസ്റ്ററുടെ പേർക്കു അവൻ അപേക്ഷ കൊടുത്തിട്ടുണ്ടെന്നാണു നമ്മോടു പറഞ്ഞതു. മാർത്തോമ്മാക്കാരെയും സി.എം.എസ്. കാരെയും നിയമിക്കുന്ന സംഗതിയെക്കുറിച്ചു വളരെ ദീർഘമായി ഇങ്ങോട്ടു എഴുതിയിട്ടുണ്ടല്ലോ. ഈ സന്ദർഭത്തിൽ ഇതിനെക്കുറിച്ചു നമ്മുടെ പേർക്കു എഴുതുവാനുണ്ടായ കാരണമെന്താണെന്നു നമുക്കു മനസ്സിലാകുന്നില്ല. പിന്നാലെ വെളിപ്പെട്ടേക്കാമെന്നു ഊഹിക്കുന്നു. ഇങ്ങനെയുള്ള ... ചെയ്തുകൊള്ളണം. ഇതുകൾ സംബന്ധിച്ചും മറ്റും നമ്മുടെ പ്രിയനെ കണ്ടു പലതും പറവാനുള്ളതിനാൽ അടുത്തു തന്നെ ഒരു ദിവസം ഇത്രടം വന്നുപോയാൽ കൊള്ളാം. സ്കൂൾ സംബന്ധമായുള്ള നമ്മുടെ പ്രിയന്റെ നടപടികളെക്കുറിച്ചു സ്കൂൾ കമ്മിറ്റിക്കാരെന്നു പറയപ്പെടുന്ന ഏതാനും ആളുകളുടെ ഒരു പരാതി ഹർജി നമ്മുടെ അടുക്കൽ വന്നിട്ടുണ്ട്. നമ്മുടെ പ്രിയന്റെ എഴുത്തിൽ ക്ഷോഭത്തിനു കാരണമാക്കിയെന്നു പറഞ്ഞിരിക്കുന്നതു ഇതിനെക്കുറിച്ചായിരിക്കുമോയെന്നു സംശയിക്കുന്നു. താമസിയാതെ ഇവിടെ വരുന്ന പക്ഷം ... ക്കുറിച്ചു പറഞ്ഞുകൊള്ളുമെന്നു കരുതി തൽക്കാലം കൂടുതൽ ഒന്നും എഴുതുന്നില്ല. ശേഷം കാഴ്ചയിൽ. സർവ്വശക്തനായ ... 103 മിഥുനം 2-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

"വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. ... ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. 'സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം' എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു."

- പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

(അന്ത്യ കല്പനയിൽ നിന്നും)

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



അക്സ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



കാലേബിന്റെ മകളായ അക്സ ബൈബിൾ ചരിത്രത്തിൽ ഒരു പ്രധാന വ്യക്തിയാണ്. അവളേക്കുറിച്ചുള്ള പരാമർശം പ്രധാനമായും യോശുവ 15:16–19 ലും ന്യായാധിപന്മാർ 1:12–15 ലും കാണപ്പെടുന്നു. അവളുടെ ജ്ഞാനം, ധൈര്യം, വിശ്വാസം, ദൃഢനിശ്ചയം എന്നിവ ഇവിടെ വെളിപ്പെടുത്തുന്നു.

1. ധൈര്യശാലിയും ദൃഢനിശ്ചയക്കാരിയും

പല പുരാതന സമൂഹങ്ങളിലും, സ്ത്രീകളെ പലപ്പോഴും അവരുടെ ഭാവിയിൽ കാര്യമായ നിയന്ത്രണമില്ലാത്ത നിഷ്ക്രിയ വ്യക്തികളായി ചിത്രീകരിച്ചിരുന്നു. എന്നിരുന്നാലും, അക്സ ഈ ധാരണയെ വെല്ലുവിളിക്കുന്നു. ദെബീർ നഗരം പിടിച്ചടക്കിയതിനുള്ള പ്രതിഫലമായി അവളുടെ പിതാവ് കാലേബ് യോദ്ധാവ് ഒത്നിയേലിന് അവളെ വിവാഹം കഴിപ്പിച്ചപ്പോൾ, അക്സ മൗനം പാലിക്കുന്നില്ല. പകരം, അവൾ ധൈര്യത്തോടെ കൂടുതൽ ഭൂമിയും നീരുറവകളും ആവശ്യപ്പെടുന്നു, അതുവഴി തനിക്കും കുടുംബത്തിനും മികച്ച ഭാവി ഉറപ്പാക്കുന്നു.

ഒരു അഭ്യർത്ഥനയുമായി തന്റെ പിതാവായ കാലേബിനെ സമീപിച്ചപ്പോൾ അക്സ ശ്രദ്ധേയമായ ധൈര്യം പ്രകടിപ്പിച്ചു. യുദ്ധത്തിൽ വിജയിച്ചെത്തിയ ഒത്നിയേലിന് അക്സയെ വിവാഹം കഴിപ്പിച്ചതിനുശേഷം, കാലേബിനോട് ഒരു നിലം ചോദിക്കാൻ അക്സ ഭർത്താവിനെ പ്രേരിപ്പിച്ചു. എന്നിരുന്നാലും, വെറും ഭൂമിയിൽ തൃപ്തയാകാതെ, അവൾ മുൻകൈയെടുത്ത് നേരിട്ട് തന്റെ പിതാവിനോട് 'നീ എന്നെ തെക്കേ ദേശത്തേക്കല്ലോ കൊടുത്തിരിക്കുന്നത്, നീരുറവകളേയും കൂടെ എനിക്കു തരേണം' എന്ന് അവൾ ഉത്തരം പറഞ്ഞു.

തന്റെയും കുടുംബത്തിന്റെയും ക്ഷേമത്തിന് ആവശ്യമായത് തുറന്നു പറയാനും അന്വേഷിക്കാനും അവൾ ഭയപ്പെട്ടിരുന്നില്ല എന്ന് ഈ അഭ്യർത്ഥന തെളിയിക്കുന്നു. അക്സയുടെ ധൈര്യം, തന്റെ കാലഘട്ടത്തിലെ സ്ത്രീകളെ നിഷ്ക്രിയരോ കീഴ്‌ക്കമുള്ളവരോ ആയി കണക്കാക്കിയിരുന്ന പരമ്പരാഗത ധാരണയെ വെല്ലുവിളിക്കുന്നു. പകരം, അവൾക്ക് ആവശ്യമുള്ളത് ചോദിച്ചുകൊണ്ട് അവൾ തന്റെ ഭാവിയെ സജീവമായി രൂപപ്പെടുത്തി.

ഇന്നത്തെ ലോകത്ത്, സ്ത്രീകൾ തുല്യ അവസരങ്ങൾ, വിദ്യാഭ്യാസം, നേതൃത്വപരമായ റോളുകൾ എന്നിവയ്ക്കായി പോരാടുന്നത് തുടരുന്നു. തന്റെ ആവശ്യങ്ങൾ മനസ്സിലാക്കുകയും അവയ്ക്കുവേണ്ടി വാദിക്കുകയും ചെയ്ത ഒരു സ്ത്രീയുടെ ഉദാഹരണമാണ് അക്സ. സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾക്കായി സംസാരിക്കാനും അവരുടെ സ്വാധീനം പരിമിതപ്പെടുത്താൻ പലപ്പോഴും ശ്രമിക്കുന്ന ഒരു ലോകത്ത് അവരുടെ പങ്ക് അവകാശപ്പെടാനും ഈ സംഭവം പ്രോത്സാഹിപ്പിക്കുന്നു.

ബോവാസിൽ നിന്ന് സുരക്ഷ തേടുന്നതിൽ മുൻകൈയെടുത്ത രൂത്ത് (രൂത്ത് 3:1–11), തന്റെ ജനത്തെ രക്ഷിക്കാൻ സെർക്സിസ് രാജാവിനെ സമീപിച്ച എസ്ഥേർ (എസ്ഥേർ 4:16) തുടങ്ങിയ ബൈബിളിലെ മറ്റ് ധീരരായ സ്ത്രീകളും അവളുടെ ആത്മവിശ്വാസം പ്രതിഫലിപ്പിക്കുന്നു. ധൈര്യവും ആത്മവിശ്വാസവും സമൂഹത്തിൽ മറ്റുള്ളവരോടൊപ്പം തുല്യമായ അവകാശത്തിൽ ജീവിക്കുവാൻ പ്രാപ്തരാക്കുന്ന ശ്രേഷ്ഠമായ ഗുണങ്ങൾ ആണെന്ന് അക്സയുടെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു.

2. ജ്ഞാനിയും തന്ത്രശാലിയും

തന്റെ ഭൂമിക്ക് പുറമേ ജലസ്രോതസ്സുകൾക്കായുള്ള അക്സയുടെ അഭ്യർത്ഥന, അതിജീവനത്തിലും സമൃദ്ധിയിലും പ്രകൃതിവിഭവങ്ങളുടെ നിർണായക പങ്ക് എടുത്തുകാണിക്കുന്നു. ദേശത്തിനടുത്തുള്ള നീരുറവകൾക്കായുള്ള അക്സയുടെ അഭ്യർത്ഥന വളരെ തന്ത്രപ്രധാനമായിരുന്നു. ഭൂമി സ്ഥിതി ചെയ്തിരുന്ന പ്രദേശം വരണ്ടതും തരിശുമായിരുന്നു. വെള്ളമില്ലെങ്കിൽ ഭൂമിക്ക് വലിയ വിലയില്ല. അവളുടെ ദീർഘവീക്ഷണത്തിൽ അവളുടെ ജ്ഞാനം പ്രകടമാണ് – ഫലഭൂയിഷ്ഠവും സുസ്ഥിരവുമായ ഒരു അവകാശം നേടുന്നതിന് ഭൂമിയും ജലസ്രോതസ്സും ആവശ്യമാണെന്ന് അവൾ മനസ്സിലാക്കി.

'ജ്ഞാനിയായ സ്ത്രീ തന്റെ വീടു പണിയുന്നു, എന്നാൽ ഭോഷയായവൾ സ്വന്തം കൈകൊണ്ട് അവളുടെ വീട് പൊളിച്ചുമാറ്റുന്നു' എന്ന് പറയുന്ന സദൃശവാക്യങ്ങൾ 14:1-നെ അവളുടെ പ്രവർത്തനങ്ങൾ പ്രതിഫലിപ്പിക്കുന്നു. അക്സ അവളുടെ അടിയന്തര ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കുക മാത്രമല്ല, അവളുടെ കുടുംബത്തിന് ദീർഘകാല അഭിവൃദ്ധി ഉറപ്പാക്കുകയും ചെയ്തു. ഭാവി ആസൂത്രണം ചെയ്യുന്നതിൽ അവൾ ജ്ഞാനം പ്രകടിപ്പിച്ചു, ബുദ്ധിശക്തിയും തന്ത്രപരമായ ചിന്തയും സ്ത്രീകളിൽ വിലപ്പെട്ട സ്വഭാവങ്ങളാണെന്ന് ബൈബിൾ സാക്ഷിക്കുന്നു.

തന്റെ സാഹചര്യം അംഗീകരിക്കുന്നതിനു പകരം, അക്സ കൂടുതൽ കാര്യങ്ങൾക്കായി ചർച്ച ചെയ്യുന്നു. നീതി എന്നത് സ്വീകരിക്കപ്പെടേണ്ട ഒന്നല്ല, പിന്തുടരേണ്ട ഒന്നാണെന്ന് കാണിക്കുന്നു. ഇന്ന്,നീതി നേടുന്നതിന് ആളുകൾ പലപ്പോഴും അവരുടെ അവകാശങ്ങൾ ഉറപ്പിക്കേണ്ടതുണ്ട്.

ചർച്ചകൾക്കും തന്ത്രപരമായ പ്രവർത്തനങ്ങൾക്കും മാറ്റം വരുത്താൻ കഴിയുമെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. വ്യക്തികൾക്ക് സ്വയം നിലകൊള്ളാനും അവരുടെ സമൂഹങ്ങൾക്കും വേണ്ടി വാദിക്കാനും അക്സയുടെ ജീവിതം നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

3. വിശ്വാസവും ദൈവാശ്രയവും

ഇസ്രായേല്യർ വാഗ്ദത്ത ദേശത്ത് സ്ഥിരതാമസമാക്കിയിരുന്ന ഒരു കാലഘട്ടത്തിലാണ് അക്സയുടെ ജീവിതം പരാമർശിക്കുന്നത്. അവളുടെ പിതാവായ കാലേബ് വലിയ വിശ്വാസമുള്ള ഒരു മനുഷ്യനായിരുന്നു, ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള അചഞ്ചലമായ വിശ്വാസത്തിന് പേരുകേട്ടവനായിരുന്നു (സംഖ്യാപുസ്തകം 14:6–9, യോശുവ 14:6–15). ദൈവത്തിന്റെ കരുതലിലുള്ള ഈ വിശ്വാസവും ആശ്രയവും അക്സയ്ക്ക് അവകാശപ്പെട്ടതായിരിക്കാം.

നീരുറവകൾ ധൈര്യത്തോടെ അഭ്യർത്ഥിച്ചുകൊണ്ട്, ദൈവത്തിന്റെ കരുതൽ കഴിവിൽ അവൾ വിശ്വാസം പ്രകടിപ്പിച്ചു. ദൈവത്തിന്റെ അനുഗ്രഹങ്ങൾ നേടേണ്ടതിന്റെ പ്രാധാന്യം അവൾ മനസ്സിലാക്കി, തന്റെ പിതാവിന്റെ ഔദാര്യത്താൽ അവന്റെ നന്മയിൽ വിശ്വസിച്ചു. അവളുടെ വിശ്വാസം അവളുടെ പിതാവിന്റെ വിശ്വാസത്തെ പ്രതിധ്വനിപ്പിക്കുന്നു, കാരണം അദ്ദേഹം ആത്മവിശ്വാസത്തോടെ തന്റെ അവകാശം കൈവശപ്പെടുത്തി.

4. സ്വാധീനശക്തിയുള്ളവളും അനുനയിപ്പിക്കുന്നവളും

അക്സ തന്റെ ഭർത്താവിനെയും പിതാവിനെയും സ്വാധീനിച്ചു. കാലേബി

നോട് ഭൂമി ചോദിക്കാൻ ഒത്നിയേലിനെ അവൾ പ്രോത്സാഹിപ്പിച്ചതായി ന്യായാധിപന്മാർ 1:14 പറയുന്നു. പിന്നീട്, അത് ലഭിച്ചതിനുശേഷം, അവൾ മറ്റൊരു അഭ്യർത്ഥനയുമായി വ്യക്തിപരമായി തന്റെ പിതാവിനെ സമീപിച്ചു. ശക്തരും ആദരണീയരുമായ അവളുടെ പിതാവ് കാലേബിനെയും ഭർത്താവ് ഒത്നിയേലിനെയും സ്വാധീനിക്കാനുള്ള അവളുടെ കഴിവ് അവളുടെ നേതൃത്വപരതയും ആശയവിനിമയ വൈദഗ്ധ്യവും കാണിക്കുന്നു.

ഈ ഗുണം അക്സ തന്റെ സാഹചര്യങ്ങളുടെ ഒരു നിരീക്ഷക മാത്രമല്ലായിരുന്നു; അവൾ സാഹചര്യങ്ങളെ സജീവമായി രൂപപ്പെടുത്തി. ബൈബിളിലെ സ്ത്രീകൾ പലപ്പോഴും സൂക്ഷ്മവും എന്നാൽ ശക്തവുമായ രീതിയിൽ സ്വാധീനം ചെലുത്തിയിരുന്നു, അക്സ ഇതിന് ഒരു ഉദാഹരണമായി നിലകൊള്ളുന്നു.

5. മുൻകൈയെടുക്കുന്നവൾ

അക്സ തന്റെ സാഹചര്യങ്ങളെ നിഷ്ക്രിയമായി സ്വീകരിച്ചില്ല. അവ മെച്ചപ്പെടുത്താൻ അവൾ നടപടിയെടുത്തു. ഫലഭൂയിഷ്ഠമല്ലാത്ത ഒരു ദേശത്തേക്ക് സ്ഥിരതാമസമാക്കുന്നതിനുപകരം, അവളുടെ അവകാശം ഉൽപാദനക്ഷമമാക്കുന്ന ഒരു വിഭവത്തിനായി അവൾ മുൻകൂട്ടി ആവശ്യപ്പെട്ടു.

ദൈവം മുൻകൈയെടുക്കുന്നതിനെ വിലമതിക്കുന്നുവെന്ന് ഇത് തെളിയിക്കുന്നതിനാൽ ഈ ഗുണം പ്രധാനമാണ്. അക്സ തന്റെ സാഹചര്യങ്ങളെക്കുറിച്ച് പരാതിപ്പെട്ട് പിന്നോട്ട് പോയില്ല; അവൾ പരിഹാരങ്ങൾ തേടുകയും ആവശ്യമായ കാര്യങ്ങൾ പിന്തുടരുകയും ചെയ്തു.

6. വിശ്വാസത്തിന്റെ പൈതൃക അവകാശി

അക്സയെ അചഞ്ചലമായ വിശ്വാസത്തിനും ദൃഢനിശ്ചയത്തിനും പേരുകേട്ട കാലേബാണ് വളർത്തിയത്. ദൈവത്തിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കുകയും ഇസ്രായേലിന് കനാൻ ദേശം കീഴടക്കാൻ കഴിയുമെന്ന് വിശ്വസിക്കുകയും ചെയ്ത (യോശുവയ്ക്കൊപ്പം) രണ്ട് ചാരന്മാരിൽ ഒരാളായിരുന്നു കാലേബ് (സംഖ്യാ പുസ്തകം 14:6-9). ദൈവത്തിന്റെ കരുതലിലുള്ള അദ്ദേഹത്തിന്റെ ധൈര്യവും വിശ്വാസവും നിസ്സംശയമായും അദ്ദേഹം തന്റെ മകൾക്ക് കൈമാറി.

നീരുറവകൾക്കായുള്ള അക്സയുടെ അഭ്യർത്ഥന, ദൈവത്തിന്റെ വാഗ്ദാനങ്ങൾ അവകാശപ്പെടുന്നതിൽ അവളുടെ പിതാവിന്റെ സ്ഥിരോത്സാഹത്തെയും വിശ്വാസത്തെയും പ്രതിഫലിപ്പിക്കുന്നു. ദൈവം വാഗ്ദാനം ചെയ്തതിലും കുറഞ്ഞ തുകയ്ക്ക് തൃപ്തിപ്പെടാൻ കാലേബ് വിസമ്മതിച്ചതുപോലെ, അക്സയും പൂർണ്ണവും ഫലപ്രദവുമായ ഒരു അവകാശം തേടി.

അവൾ ആത്മവിശ്വാസത്തോടെ അവൾക്ക് ആവശ്യമുള്ളത് ചോദിച്ചു. ഭാവിയിലേക്കുള്ള വിഭവങ്ങൾ സുരക്ഷിതമാക്കേണ്ടതിന്റെ പ്രാധാന്യം അവൾ മനസ്സിലാക്കി. അവളുടെ പിതാവ് കാലേബിനെ പ്പോലെ അവൾ ദൈവത്തിന്റെ കരുതലിൽ വിശ്വസിച്ചു. തീരുമാനങ്ങൾ ബോധ്യപ്പെടുത്താനും രൂപപ്പെടുത്താനുമുള്ള കഴിവ് അവൾക്കുണ്ടായിരുന്നു. ആവശ്യമായത് അവകാശപ്പെടാൻ അവൾ സാമൂഹിക മാനദണ്ഡങ്ങൾക്കപ്പുറത്തേക്ക് കടന്നു. സാഹചര്യങ്ങളെ നിഷ്ക്രിയമായി സ്വീകരിക്കുന്നതിനു പകരം അവൾ സജീവമായി പരിഹാരങ്ങൾ തേടി. അവൾ തന്റെ പിതാവിന്റെ ശക്തമായ വിശ്വാസവും ദൃഢനിശ്ചയവും തുടർന്നു.

വിശ്വസ്തമായ പ്രവൃത്തി, ജ്ഞാനം, ധൈര്യം എന്നിവ ശാശ്വതമായ അനുഗ്രഹങ്ങളിലേക്ക് നയിക്കുന്നുവെന്ന് അക്സയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അവളുടെ സ്വഭാവം പുരുഷന്മാരെയും സ്ത്രീകളെയും ആത്മവിശ്വാസത്തോടെ ദൈവത്തെ സമീപിക്കാനും, അവരുടെ ജീവിതത്തിനായി അവന്റെ ഏറ്റവും മികച്ചത് തേടാനും, അവന്റെ കരുതലിൽ വിശ്വസിക്കാനും വെല്ലുവിളിക്കുന്നു.

അക്സയുടെ ജീവിതം ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ളതാണെങ്കിലും, ഇന്ന് അതിന് ആഴത്തിലുള്ള പ്രസക്തിയുണ്ട്. സംസാരിക്കുന്നതിലെ അവളുടെ ധൈര്യം, വിഭവങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം, മെച്ചപ്പെട്ട ഭാവിക്കായി ചർച്ച ചെയ്യാനുള്ള അവളുടെ ദൃഢനിശ്ചയം എന്നിവയെല്ലാം സമകാലിക സമൂഹത്തിന് വിലപ്പെട്ട പാഠങ്ങൾ നൽകുന്നു. ലിംഗ സമത്വത്തിലായാലും, പരിസ്ഥിതി നീതിയിലായാലും, നീതി പിന്തുടരുന്നതിലായാലും, മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്ത് വ്യക്തികൾക്ക് സ്വന്തം വിധി എങ്ങനെ രൂപപ്പെടുത്താൻ കഴിയുമെന്നതിന്റെ പ്രചോദനാത്മകമായ ഒരു ഉദാഹരണമായി അക്സയുടെ ജീവിതം തുടരുന്നു.

❑



ഡൽഹി ഭദ്രാസന എം.ജി.ഒ.സി.എസ്.എം. ഏകദിന സമ്മേളനം ദ്വാരകയിലെ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയിൽ നടന്നു. ഡോ. തോമസ് മാർ അത്താനാസ്യോസ് ഉദ്ഘാടനം ചെയ്തു. ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് മെത്രാപ്പോലീത്താ, ഫാ. യാക്കൂബ് ബേബി (ദ്വാരക സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക വികാരി), ഫാ. എബിൻ പി. ജേക്കബ് എന്നിവർ പ്രസംഗിച്ചു.



Geevarghese Mar Philoxenos visited Dr. Stephen Antony Pillai, Roman Catholic Bishop of Thoothukudi Diocese during his Parish visit to Thoothukudi St. Gregorios Church.

പുസ്തകം

സ്മരണപരമ്പര

ചെറിയമഠത്തിൽ യാക്കോബ് കത്തനാർ

പ്രസാധകർ:

എം.ഒ.സി. കോട്ടയം

വില: 150 രൂപ



നിസ്തുലനായ ക്രിസ്തു

ഫാ. കെ. ഒ. തോമസ്

പ്രസാധകർ:

എം.ഒ.സി. കോട്ടയം

വില: 130 രൂപ



വചനതീർത്ഥം



വലിയ നോമ്പിലെ നാലാം ഞായർ

ക്നാനൈത്തോ / കനാന്യസ്ത്രീ

(വി. മത്തായി 15:21–31)

ഫാ. മോൻസി ഫിലിപ്പ്

വലിയ നോമ്പിലെ നാലാം ഞായർ. ക്നാനൈത്തോ / കനാന്യസ്ത്രീയുടെ മകളുടെ ഭൂതോപദ്രവം കർത്താവ് മാറ്റികൊടുക്കുന്ന സംഭവം. ഉറച്ച വിശ്വാസം, സ്ഥിരത എന്നിവകൊണ്ട് കർത്താവിന്റെ അടുക്കൽ സമീപിച്ചകനാന്യസ്ത്രീ, നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെയും വിശ്വാസ ജീവിതത്തിന്റെയും ആഴങ്ങൾ പരിശോധിക്കപ്പെടുവാനുള്ള മാതൃകയാണ്. വി. മത്തായി 15:21–31, വി. മർക്കോസ് 7:24–30 ഈ രണ്ട് സുവിശേഷങ്ങളിൽ മാത്രം പ്രതിപാദിക്കുന്ന ഒരു സംഭവമാണിത്.

ഇന്നത്തെ വേദഭാഗം

വി. മത്തായി വി. മത്തായി 15:21–31

യേശുതമ്പുരാൻ സോർ സീദോൻ എന്ന പ്രദേശത്ത് ആയിരിക്കുമ്പോൾ കനാന്യസ്ത്രീ യേശുവിനെ സമീപിക്കുന്നു. സോദും സീദോനും ഗലീലയിൽ നിന്നും വടക്ക് വിജാതീയർ പാർത്തിരുന്ന സ്ഥലമാണ്. സീദോനിൽ നിന്നും 20 മൈൽ വടക്ക് സോദ് സ്ഥിതി ചെയ്യുന്നു. സിറിയയുടെ പടിഞ്ഞാറേ തീരത്തെ തുറമുഖം, ഫൊയ്നീക്യയുടെ തലസ്ഥാനം. ഇവിടെ നിന്ന് യഹൂദന്മാർ വെറുക്കപ്പെട്ട നായ്കുട്ടികൾക്ക് സമം കണ്ടിരിക്കുന്ന വിജാതീയ ആയ കനാന്യസ്ത്രീ യേശുതമ്പുരാന്റെ അടുക്കൽ വന്നു "കർത്താവേ ദാവീദുപുത്രാ എന്നോട് കരുണ തോന്നണമേ" (വി. മത്തായി 15:22) അപേക്ഷിക്കുന്നു. മകളുടെ ഭൂതോപദ്രവം മാറുന്നതിനായി നിലവിളിച്ചു. യേശു മൗനം. പിന്നേയും നിലവിളിച്ചുകൊണ്ട് പിന്നാലെ. ശിഷ്യന്മാർ യേശുതമ്പുരാനോട് "അവളെ പറഞ്ഞയക്കണമേ". യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളെപ്പറ്റിയുള്ള കരുതലിൽ ക്രിസ്തുവിന്റെ വാക്കുകൾ (വി. മത്താ. 15:24). മക്കളുടെ അപ്പം എടുത്തു നായ്കുട്ടികൾക്കു ഇട്ടുകൊടുക്കുന്നതു നല്ലതല്ല. ഉത്തരമായി അവൾ "കർത്താവേ നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ." യേശു അവളുടെ വിശ്വാസം വലിയതു എന്നു കണ്ട്, നിന്റെ ഇഷ്ടം നിനക്ക് ഭവിക്കട്ടെ എന്ന് അരുളി. ആ നാഴികയിൽ മകൾക്ക് സൗഖ്യം വന്നു. ഇതാണ് വേദഭാഗ പ്രതിപാദ്യം.

വേദഭാഗ ചിന്തകൾ

1. അതിർത്തികളില്ലാത്ത ക്രിസ്തീയത

വി. മത്തായി 15:21–22

സോർ, സീദോൻ വിജാതീയരുടെ ദേശമാണ്. യിസ്രായേലിനു വടക്ക് മെഡിറ്ററേനിയൻ കടൽതീരത്തുള്ള പ്രസിദ്ധമായ രണ്ട് പുരാതന പട്ടണങ്ങളായിരുന്നു സോരും സീദോനും. അവ വിഗ്രഹാരാധനയും ദുരാഗ്രഹവും നിറഞ്ഞ ജാതീയ പട്ടണങ്ങളായിരുന്നു. ഇവിടെ യഹൂദർക്ക് വിരോധികളായ വിജാതീയരായ കനാന്യരും പാർത്തിരുന്നു. അവരെ നായ്ക്കൾക്ക് തുല്യമായി യഹൂദർ കണ്ടിരുന്നു. യഹൂദന്മാരുടെ അതിർത്തിക്കപ്പുറത്ത് യേശുവിനെ കാണുന്ന സന്ദർഭമാണിത്. വിജാതീയർ പാർത്തിരുന്ന ഇടങ്ങളിൽ യഹൂദർ സന്ദർശിക്കില്ല. കാരണം അവർ പുറജാതിക്കാർ ആയിരുന്നതിനാൽ. എന്നാൽ യേശുവിനെ കാണാൻ വന്നത് കനാന്യസ്ത്രീ. കനാന്യർ യഹൂദരുടെ ജന്മശത്രുക്കൾ. യേശുതമ്പുരാൻ അതിർത്തി കടന്നു സോർ സീദോനിൽ എത്തിയപ്പോൾ തകർക്കപ്പെട്ടത് രണ്ട് അതിർത്തികളാണ്.

1. ജാതീയ വിലക്കും
2. ശത്രുതയുടെ വിലക്കും

മാനുഷിക മൂല്യങ്ങൾക്ക് യാതൊരു വിലയും കൽപിക്കാതെ പാരമ്പര്യത്തിനും അന്ധമായ ആചാരങ്ങൾക്കും പ്രാധാന്യം നൽകുന്ന പ്രവണതയിൽ നിന്നുള്ള മോചനമാണ് യേശുവിന്റെ അതിർത്തി കടക്കൽ.

രക്ഷ എല്ലാവർക്കുമുള്ളതാണെന്ന് ക്രിസ്തു കാട്ടുന്നു. ക്രിസ്തീയ രക്ഷ യിസ്രായേലിന്റെ വേലിക്കെട്ടിനു പുറത്തേക്കും പറക്കുന്ന പുതിയ യുഗപ്പിറവി. സ്വന്തജനത്തേക്കാൾ വിജാതീയർ യേശുവിൽ വിശ്വസിക്കുകയും രക്ഷകനായി സ്വീകരിക്കുകയും ചെയ്യുന്നതിന്റെ ഉദാഹരണം കൂടിയാണിത്.

മാനവികതയിലേക്കും ക്രിസ്തീയതയിലേക്കുമുള്ള ചില അതിർത്തികൾ ഇതിനാൽ തകർക്കപ്പെടേണ്ടതുണ്ട്. ബന്ധങ്ങളിലും ആരാധനാ ജീവിതത്തിലുമുള്ള ചില അതിർത്തികൾ തന്നെ. നാം അടച്ചുവച്ചിരിക്കുന്ന വാതിലുകൾ ഒന്നു തുറക്കണം. ചിലരെ നാം സ്വീകരിക്കണം. അതിർത്തികൾ തകർക്കപ്പെടുമ്പോൾ ഇതുവരെയില്ലാത്ത ചില വസന്തങ്ങൾ കടന്നുവരും.

"വായു സഞ്ചാരമില്ലാതെ അടഞ്ഞു കിടന്നിടങ്ങളിൽ ദുർഗന്ധങ്ങൾ വമിക്കും."

കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ പോലെ ചില ജീവിതങ്ങളുണ്ട്. അതിൽ നിന്ന് നാറ്റങ്ങളല്ലാതെ മറ്റൊന്നുമില്ല. അതിനാൽ ഒരു വൃത്തിയാക്കൽ അനിവാര്യമല്ലേ. ഉള്ളിൽ കെട്ടിക്കിടക്കുന്നതൊക്കെ കഴുകി വെണ്മയാക്കാനും. ജീവിതത്തിൽ പരിമള ധൂപമാകാനും ശ്രമിച്ചുകൂടേ?

"കാലം എത്രയോ കഴിഞ്ഞിട്ടും
വേദങ്ങൾ എത്രയോ കേട്ടിട്ടും
ഞാൻ എന്തേ ഇങ്ങനെ"

എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

എന്നിൽ തന്നെ ചുരുങ്ങാതെ ദൈവത്തെ എന്നിലേക്ക് മാത്രം ആകർഷിക്കാതെ ഞാൻ അവളിനേക്ക് ചെല്ലുവാൻ തടസ്സമായ അതിർത്തികൾ പൊളിക്കാം.

"ക്രിസ്തുവിന്റെ സുവിശേഷം എന്നിലൂടെ അതിർത്തി കടന്ന് സാർവ്വത്രീകത കൈവരിക്കട്ടെ."

2. വിശ്വാസത്തോടുള്ള ചെറിയ പ്രാർത്ഥന – വലിയ അർത്ഥം

വി. മത്തായി 15:22–28

"കർത്താവേ ദാവീദുപുത്രാ എന്നോടു കരുണ തോന്നണമേ."

വിശ്വാസത്തിന്റെ ആഴങ്ങൾ കാട്ടുന്ന പ്രാർത്ഥനാസ്വരം. ചെറുതെങ്കിലും അർത്ഥം വലിയത്. "കർത്താവേ ദാവീദുപുത്രാ" യേശു കർത്താവാണെന്നും, ദാവീദ് വംശത്തിൽ പിറന്ന മശിഹായാകുന്നു എന്നും കേട്ടറിഞ്ഞ് അവനിൽ സൗഖ്യം ഉണ്ടെന്ന് വിശ്വസിച്ചവർ. തന്റെ മകൾക്ക് സൗഖ്യം നൽകുവാൻ അവന് കഴിവുണ്ടെന്ന് സംശയലേശമെന്യേ അവൻ വിശ്വസിച്ചു. യേശുതമ്പുരാൻ മൗനം നടിക്കുകയും, അവഗണിക്കുകയും, നിരസിക്കുകയും ചെയ്തിട്ടും അവർ പുറകേ പോയി.

"നിരാശ അവളെ അശേഷം ബാധിച്ചില്ല"

യേശു മൗനമായിരുന്നത് വിജാതിയായ അവളിലെ വിശ്വാസം ഉണർത്തുവാനും, ശക്തമാക്കുവാനുമായിരുന്നു. അവളുടെ വിശ്വാസം വളരുന്നു. അവൾ അവന്റെ മുമ്പിൽ കുമ്പിട്ടു.

"കർത്താവേ ദാവീദ്പുത്രാ എന്നോട് കരുണ തോന്നണമേ" എന്ന കനാന്യകാരിയുടെ പ്രാർത്ഥന മറ്റൊരു രൂപത്തിൽ നാം ഉപയോഗിക്കുന്നു. "കുറി

യേലായിസോൻ" എന്ന് ചെറുതാണെങ്കിലും വലിയ അർത്ഥം. "കർത്താവേ ഞങ്ങളോട് കരുണ തോന്നണമേ" ബർത്തിമായി എന്ന കുരുടൻ വഴിയിലിരുന്ന് കർത്താവിനോട് പ്രാർത്ഥിക്കുന്നു.

"ദൈർഘ്യമേറിയ പ്രാർത്ഥനയല്ല. കാര്യം ഏതു മനോഭാവത്തോടെ പ്രാർത്ഥിക്കുന്നു എന്നതിനാലാണ്."

"എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല." (വി. മത്തായി 17:21)

പലപ്പോഴും നമ്മൾ പ്രാർത്ഥിക്കുന്നത് അർത്ഥങ്ങൾ അറിഞ്ഞാണോ? സംശയമാണ്. നാം എന്താണ് ചെയ്യുന്നതെന്ന് നമ്മൾക്ക് തന്നെ ബോധ്യമില്ലാത്ത അവസ്ഥയാണ്.

"നാം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് എന്താണെന്ന് നാം കന്നെ ശ്രദ്ധിച്ചില്ലെങ്കിൽ ദൈവം ശ്രവിക്കുമെന്ന് നമുക്ക് എങ്ങനെ പ്രതീക്ഷിക്കാനാകും."

"നീ എന്തിന് ഇവിടെ വന്നു എന്ന് സ്വയം ചോദിക്കുക. എന്നിട്ട് ദൈവത്തെ അന്വേഷിക്കുക, പ്രാർത്ഥിക്കുക, അധ്വാനിക്കുക.

കനാന്യക്കാരിയും ഇതുതന്നെ കാട്ടിത്തരുന്നു. അവൾ ക്രിസ്തുവിന്റെ അടുക്കൽ വന്നത് മകളുടെ സൗഖ്യത്തിനായി. അതും ഉറച്ച വിശ്വാസത്തോടെ, അതും തളർന്നുപോകാതെ, സ്ഥിരതയോടുള്ള സമീപനം.

ഈ സ്ത്രീയിൽ കാണുന്ന ചില സുപ്രധാന കാര്യങ്ങൾ വി. റോം പറയുന്നുണ്ട്.

1. അവളുടെ പുത്രി സൗഖ്യം പ്രാപിക്കുമെന്നു വിശ്വാസം.
2. പല പ്രാവശ്യവും നിരാശയെങ്കിലും അവളുടെ പ്രാർത്ഥനയിലുള്ള കാത്തിരിപ്പ്.
3. നായുടെ സ്ഥാനംവരെ താഴാനുള്ള അവളുടെ വിനയാധിക്യം.

ചെറിയ പ്രാർത്ഥനകൊണ്ട് വിശ്വാസത്തിന്റെ കൊടുമുടി നിർമ്മിച്ചവൾ. ചെറിയ പ്രാർത്ഥനയാൽ മകളുടെ സൗഖ്യം നേടിയെടുത്തവൾ. ചെറുതെങ്കിലും മൂല്യം ശ്രേഷ്ഠം.

3. വിജാതിയെങ്കിലും അവളിലെ "അമ്മ"

വിജാതിയെങ്കിലും, തള്ളപ്പെട്ടവൾ എങ്കിലും അവൾ ഒരു അമ്മയാണ്. മാതൃത്വത്തിന്റെ ശ്രേഷ്ഠത കാട്ടുന്നവൾ. പ്രാണത്യാഗത്തോളം മകളെ സ്നേഹിച്ച്, അവൾക്കായി ജീവിക്കുന്ന അമ്മ. അമ്മ ഒരു വികാരമാകണം.

"നിന്റെ അമ്മയുടെ കാര്യം ഒരിക്കലും മറക്കരുത്. ജീവിതകാലം മുഴുവൻ അവളെ ആദരിക്കണം. അമ്മയുടെ ഹിതം നോക്കണം. ഒരിക്കലും അവളെ വേദനിപ്പിക്കരുത്." (തോബിത് 4:3)

തോബിത് തന്റെ മകനായ തോബിയാസിനു കൊടുക്കുന്ന നിർദ്ദേശം.

കനാന്യക്കാരി അമ്മയിലെ ചില പ്രത്യേകതകൾ

1. സ്നേഹമുള്ള അമ്മ
2. വിശ്വാസം മുറുകെ പിടിച്ച അമ്മ
3. യാചിക്കുവാൻ മടിയില്ലാത്ത അമ്മ
4. താഴ്മയുള്ള അമ്മ
5. തൃപ്തിയുള്ള അമ്മ


മകളുടെ സൗഖ്യത്തിനായി ക്രിസ്തുവിനെ സമീപിച്ച അമ്മ സ്നേഹത്തിന്റെ നിറകുടം, സ്നേഹത്തിന്റെ പറുദീസ, വിശ്വാസത്തിന്റെ വർദ്ധനവിൽ വസിച്ചവൾ, മടിയില്ലാതെ യാചിച്ചവൾ, നിരാശയിൽ വീഴാതെ യാചിച്ച താഴ്മ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ. തൃപ്തിയായി വീട്ടിൽ എത്തി സൗഖ്യം ദർശിച്ചവൾ. കാരണം അവൾ ആഗ്രഹിച്ചത് ക്രിസ്തു നൽകി.

മക്കളുടെ നന്മ മാത്രം ആഗ്രഹിക്കുന്ന അമ്മമാർ ഇന്നും ഉണ്ട്. എന്നാൽ പുത്തൻ തലമുറകൾ അത് മനസ്സിലാക്കാതെ പോകുന്നു. മക്കളുടെ ഏതു സാഹചര്യത്തിലും വേദനിക്കുന്ന ഒരു അമ്മ ഉണ്ടെന്ന് ഈ ലോകമേ തിരിച്ചറിയുക.

"വിളമ്പിക്കൊടുത്ത ആഹാരം തീർന്നുപോകുമ്പോൾ എനിക്കു വിശക്കുന്നില്ല എന്ന് കള്ളം പറയുന്ന മാതൃസ്നേഹത്തിന്റെ വറ്റാത്ത ഉറവയാണ് അമ്മ. പാവന ബന്ധത്തിന്റെ കഥ പറഞ്ഞുതന്ന വാനത്തെ പൂവിന്റെ പേരാണ് അമ്മ. ഒടുവിൽ ആ സാഗരം കടപുഴകി വീഴുമ്പോൾ തൊടിയും, ഭവനവും, ചെടികളും പറയും അമ്മയില്ലാത്ത ഭവനം വീടല്ല." ഈ വരികൾ അമ്മയുടെ സ്നേഹം മനസ്സിലാക്കുവാൻ നമുക്ക് പ്രചോദനമാകട്ടെ.

❑

നേട്ടം



ലോകത്ത് ജീവിച്ചിരിക്കുന്ന ആടുകളിൽ ഏറ്റവും ചെറിയ ആടിനുള്ള ഗിന്നസ് വേൾഡ് റെക്കോർഡ് ഇടുക്കി പോത്തുപാറ മേലെ മണ്ണിൽ ഹിൽ വ്യൂ ഭവനത്തിൽ ലെനു പീറ്ററിന്റെ ഫാമിൽ വളർത്തുന്ന കനേഡിയൻ പിഗ്മി ഇനത്തിലെ 'കറമ്പി' എന്ന ആടിന് ലഭിച്ചു. കുമ്പഴ മാർ ശമുവാൻ ദേസ്തുനി ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമായ ലെനു പീറ്റർ, കുട്ടിക്കാനം മാർ ബസേലിയസ് ക്രിസ്ത്യൻ കോളേജ് ഓഫ് എൻജിനീയറിങ് മെക്കാനിക്കൽ ലാബ് ഇൻസ്ട്രക്ടർ ആയി ജോലി ചെയ്യുന്നു. ജോലിക്കൊപ്പം കൃഷിയുടെ ഭാഗമായി ഒരു ഫാമം നടത്തുന്നു. 40.50 Centimeter [1Ft 3 Inch] ആണ് കറമ്പി എന്ന നാലു വയസ്സുകാരി ആടിന്റെ പൊക്കം.

ശാസ്താംകോട്ട എം. ടി. എം. എം. മിഷൻ ഹോസ്പിറ്റലിന് അപൂർവ്വ നേട്ടം

ശാസ്താംകോട്ട: മുഖത്തെ വലുതായ ട്യൂമർ നീക്കം ചെയ്ത് ചരിത്രം സൃഷ്ടിച്ച് എം.ടി.എം.എം മിഷൻ ഹോസ്പിറ്റലിലെ മാക്സിലോഫേഷ്യൽ & ഡെന്റിസ്റ്ററി ഡിപ്പാർട്മെന്റുകൾ. മുഖത്ത് ഉണ്ടായിരുന്ന വലുതായ ട്യൂമർ നീക്കം ചെയ്ത് അസാധാരണ ശസ്ത്രക്രിയ നടത്തിയാണ് ആശുപത്രി ചരിത്രം കുറിച്ചത്. മാക്സിലോഫേഷ്യൽ സർജറി മേഖലയിലെ വിദഗ്ദ്ധനായ ഡോ. രൂപേഷിന്റെ നേതൃത്വത്തിൽ മറ്റു വിദഗ്ദ്ധ ഡോക്ടർമാരായ ഡോ. സഞ്ജയ് രാജു, ഡോ. സടയാണ്ടി, ഡോ. അർജുൻ, ഡോ. സാം, ഡോ. ഗീതു, ഡോ. ബെൻസി എന്നിവർ ചേർന്നാണ് അതി സങ്കീർണമായ ഈ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.

മുഖവും താടിയുമായി ബന്ധപ്പെട്ട ശസ്ത്രക്രിയകളിൽ പ്രത്യേകതയുള്ള മാക്സിലോഫേഷ്യൽ സർജറി ഉപയോഗിച്ചാണ് രോഗിക്ക് പുതുജീവൻ നൽകിയത്. ആശുപത്രിയിലെ മാക്സിലോഫേഷ്യൽ & ഡെന്റിസ്റ്ററി ഡിപ്പാർട്മെന്റുകളുടെ പ്രവർത്തനം വീണ്ടും ശ്രദ്ധേയമാക്കുന്ന വിധത്തിലാണ് ഈ നേട്ടം.

Church Calendar



Faith that Breaks Barriers: The Perseverance of the Canaanite Woman

(St. Matthew 15: 21–31)

Dn. Aaron Joshua John

As we enter the Fourth Sunday of Great Lent, we encounter the Canaanite woman, a figure of extraordinary perseverance and humility. Her encounter with Christ teaches us the power of persistent faith, a faith that breaks through rejection, overcomes obstacles, and clings to divine mercy. The season of Lent is precisely this kind of journey: a time to confront our inner struggles, persist in repentance, and seek the healing grace of Christ. The readings for this Sunday, from Isaiah 56, which proclaims God's house as a "house of prayer for all nations," to Romans 7, where Paul wrestles with sin's grip on the human heart, reflect the universal call to salvation. The Canaanite woman, an outsider by Jewish standards, becomes an icon of this truth, that Christ's mercy extends to all, and faith is the key that unlocks His healing power.

1. The Testing of Faith: Persistence in the Face of Silence

In Matthew 15:21–28, the Canaanite woman cries out to Jesus: "Have mercy on me, O Lord, Son of David! My daughter is severely demon-possessed." But Jesus, surprisingly, remains silent. The disciples urge Him to send her away, and when He finally speaks, He says, "I was not sent except to the lost sheep of the house of Israel." Yet the woman is undeterred. She kneels and pleads, "Lord, help me!" St. John Chrysostom explains: "Christ's silence was not rejection, but a hidden invitation. He draws out her faith, that it might shine brighter." In this, we see a mirror of our Lenten struggle. There are moments in our spiritual lives when God seems silent, and our prayers feel unanswered. Yet silence is not absence. Christ's silence to the woman is a sacred space, testing her persistence and deepening her longing for mercy.

The woman's persistence echoes the perseverance of the faithful centurion in Luke 7:1–10, whose servant was healed because of his unwavering trust in Christ's authority. It also calls to mind the Israelites' victory in 1 Samuel 7, where Samuel's persistent intercession brings deliverance. In Lent, we are invited to persist, to keep praying, fasting, and repenting, even when we do not immediately feel relief. For it is through perseverance that faith is perfected.

2. Humility and Mercy: The Faith that Moves Christ's Heart

When Jesus tells the woman, "It is not good to take the children's bread and throw it to the little dogs," her response is astounding: "Yes, Lord, yet even the little dogs eat the crumbs which fall from their masters' table." She accepts her unworthiness, yet boldly claims even the smallest portion of Christ's grace. This humility, coupled with relentless faith, breaks through every barrier.

St. Augustine reflects: "Her humility was her greatness. She did not swell with pride but bent low, and in her lowliness, she was lifted up." Her posture of humility aligns with the call in Isaiah 56:1–7, where God promises to gather even the outcasts to His holy mountain. The miracle that follows,



her daughter's healing, is not just a private blessing but a revelation that Christ's kingdom transcends all boundaries. Her humility also mirrors Paul's struggle in Romans 7:14–25, where he wrestles with the sin within him. Just as the Canaanite woman acknowledges her helplessness, Paul confesses, "O wretched man that I am! Who will deliver me from this body of death?" The answer for both is the same: Jesus Christ.

In our Lenten journey, this humility is essential. Fasting, confession, and acts of charity strip us of pride, reminding us of our need for God's mercy. And like the Canaanite woman, we discover that even the smallest "crumb" of grace is enough to transform our lives. Christ's final words to the woman are a triumphant affirmation: "O woman, great is your faith! Let it be to you as you desire." The miracle that follows is not just her daughter's healing but the victory of a faith that refused to let go. This is the faith Lent calls us to cultivate, a faith that persists through silence, humbles itself before God, and clings to Christ's mercy. St. Cyril of Alexandria writes: "Her faith broke the chains of her daughter's affliction. So too, our faith, tested and purified, can break the chains of sin that bind us."

As we continue our Lenten journey, may we follow the example of the Canaanite woman: praying without ceasing, humbling ourselves, and trusting that Christ's mercy will meet us, no matter how unworthy we may feel. Let us, like her, kneel at the feet of Jesus and say: "Lord, help me." And in that surrender, we will find healing, restoration, and the boundless love of Christ.

❑

പാതി നോമ്പിലെ കുരിശ് സ്ഥാപിക്കൽ: വിവിധ നടപടിക്രമങ്ങളിൽ



ഡെറിൻ രാജു

പാതിനോമ്പിന്റെ ബുധനാഴ്ചയിലെ പ്രധാന ചടങ്ങായ സ്ളീബാ സ്ഥാപിക്കേണ്ടത് തലേന്നത്തെ സന്ധ്യാനമസ്കാരത്തോടു കൂടിയാണോ അതോ പിറ്റേന്നു സ്ളീബാ ആഘോഷം നടത്തുന്ന സമയത്ത് സ്ഥാപിച്ചാൽ മതിയോ എന്ന ചോദ്യത്തിനു ലഭ്യമായിട്ടുള്ള ചില നടപടിക്രമങ്ങൾ പ്രകാരം ഉത്തരം അന്വേഷിക്കുകയാണ് ഈ ലേഖനത്തിൽ. ഇവിടെ പരിഗണിക്കുന്ന നടപടിക്രമങ്ങൾ കോനാട്ട് മാർ യൂലിയോസിന്റെ വൃത്താന്തപുസ്തകം (എഡിറ്റർ ഡോ. കുര്യൻ തോമസ്), ശെമവൂൻ മാർ ദീവന്നാസിയോസിന്റെ നാളാഗമം (എഡിറ്റർ: ഫാ. ഡോ. ജോസഫ് ചീരൻ), കോനാട്ട് മാത്തൻ മൽപാന്റെ നടപടിക്രമം (1910), തകടിയേൽ യാക്കോബ് കശീശായുടെ നടപടിക്രമം (1950), പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവായുടെ നടപടിക്രമം, യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ നടപടിക്രമം (1983) എന്നിവയാണ്.

1. കോനാട്ട് മാർ യൂലിയോസിന്റെ വൃത്താന്തപുസ്തകം

1876–നോടടുത്ത് രചിച്ചിരിക്കാവുന്ന ഈ പുസ്തകം ഇദംപ്രഥമായി പ്രസിദ്ധീകരിച്ചത് ഡോ. കുര്യൻ തോമസിന്റെ പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്കാരങ്ങൾ എന്ന പുസ്തകത്തിലാണ്. പത്രോസ് തൃതീയൻ പാത്രിയർക്കീസ് നടത്തിയ ശുശ്രൂഷകളുടെ ദൃക്സാക്ഷി വിവരണമാണ് ഇതിലുള്ളത്. പാതിനോമ്പിന്റെ ഭാഗത്തെ പരാമർശം ഇപ്രകാരമാണ്.

..ചൊവ്വാഴ്ച ഉച്ചക്കു മുറപ്രകാരം പെങ്കീസായിൽ നിന്നു പെൽഹദിയെയുമ്മായും ത്ശശായിനും നമസ്കരിച്ചശേഷം, കുരിശുനാട്ടുവാൻ ഉണ്ടാക്കിയ തണ്ടമ്മെൽ അൽമത്തി ധരിപ്പിച്ചു. വെള്ളിക്കുരിശിൻമേൽ തൂവാല ചുറ്റി കുരിശു തണ്ടുമ്മെൽ നിവർത്തി. രണ്ടു വശത്തും അതിമെൽ തന്നെ മെഴുകുതിരിയും കൊളുത്തി. പള്ളിയുടെ നടുക്കു നാട്ടിനിറുത്തികൊണ്ടു ശഹീമ്മായിൽ നിന്നു അന്നത്തെ റംശാതൊട്ടു നമസ്ക്കരിച്ച. ആ കൗമാ തികച്ച ബസലൊസ എമ്മയും മഹയിമ്മനീനാനും ചൊല്ലി. കുമ്പിടീലും കഴിച്ചു മുറപ്രകാരം നിർത്തി.

അതായത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന കാൽഭാഗത്തെ ഈ രേഖയിൻപ്രകാരം തലേ ദിവസം തന്നെ സ്ളീബാ മ്നോർത്തോയിൽ നാട്ടിയിരുന്നു (മ്നോർത്തോ എന്ന സുറിയാനി വാക്കിന് വിളക്കുതണ്ട് എന്നാണ് അർത്ഥം. മലങ്കരയിൽ ഗോഗുൽത്താ എന്ന് സാധാരണ ഭാഷയിൽ പരാമർശിക്കുന്നു).

2. ശെമവൂൻ മാർ ദീവന്നാസിയോസിന്റെ നാളാഗമം

ഇതിലും തലേ ദിവസം ഗോഗുൽത്താ സ്ഥാപിച്ചതായി പരാമർശിക്കുന്നു. ഇങ്ങനെ പറയുന്നു. ... 30–ാം തീയതി ബുധനാഴ്ച പാതി നോമ്പായിരുന്നു. അന്ന് പിതാവ് കാലത്ത് നമസ്കാരം കഴിഞ്ഞ് കുർബാന ചൊല്ലി.. പള്ളിയുടെ മദ്ധ്യേ തലേ ദിവസം സ്ഥാപിച്ചിരുന്ന കർക്കബ്സ എന്ന സിംഹാസനത്തിന്റെ മുമ്പാകെ കിഴക്കോട്ട് മുഖാമായി നിന്ന് ആയതിനു ക്രമങ്ങൾ ചൊല്ലിക്കഴിഞ്ഞ് ഹൗദ് മാലാഖേ മുതലായ നിറുത്തുകൾ ചൊല്ലി..

കോനാട്ട് യൂലിയോസിന്റെയും ശെമവൂൻ ദീവന്നാസിയോസിന്റെയും നാളാഗമങ്ങൾ പത്രോസ് തൃതീയൻ നടത്തിയ ശുശ്രൂഷകളുടെ വിവരണമാകയാൽ രണ്ടും പരസ്പരം വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുവാൻ ഉപകരിക്കും.

3. കോനാട്ട് മൽപ്പാന്റെ നടപടി ക്രമം (1910)

മലങ്കരയിലെ തെക്കും വടക്കുമുള്ള പള്ളിക്രമങ്ങൾ ഏകീകരിക്കുന്നതിൽ ഒരു വലിയ പങ്കു വഹിച്ച കോനാട്ട് മാത്തൻ മൽപ്പാന്റെ നടപടിക്രമത്തിൽ പറയുന്നതും തലേ ദിവസം സന്ധ്യയ്ക്കു കുരിശ് സ്ഥാപിക്കണമെന്നാണ്. പറഞ്ഞിരിക്കുന്നത് .. സന്ധ്യാനമസ്കാരം ആരംഭിക്കുന്നതു ചൊവ്വാഴ്ചയാകയാൽ റംശോയുടെ ആരംഭ കൗമാ കഴിഞ്ഞ് റാഹേമ്മാലയ് ആലോഹോ..(51ാം മസ്മൂറ)യ്ക്കു മുമ്പായി പള്ളിയുടെ മദ്ധ്യത്തിൽ കുരിശുമൊന്തക്കൊടിയിട്ട് അലങ്കരിച്ച മ്നോർത്തോയിൽ സ്ളീബായുടെ കോലോകളോ എക്ബോകളോ ചൊല്ലിക്കൊണ്ട് കുരിശ് നാട്ടി അതിന്മേൽ ഊറാറ ഇടേണ്ടതും ഇരുവശത്തും ഗോഗുൽത്തായുടെ തണ്ടിൻമേൽ മെഴുകുതിരികൾ കൊളുത്തി കുത്തുകയും മറുവഹസാകൾ വെക്കുകയും ചെയ്യേണ്ടതും ആകുന്നു.

4. തകടിയേൽ യാക്കോബ് കശീശായുടെ നടപടിക്രമം (1950)

പല കാര്യങ്ങളിലും കോനാട്ട് മൽപാന്റെ നടപടിക്രമത്തിനോട് സാമ്യം പുലർത്തുന്ന ഇതിലും പറയുന്നതു മൽപ്പാൻ പറയുന്നതു പോലെ തലേന്നു സന്ധ്യാനമസ്കാരത്തിൽ 51–ാം മസ്മൂറായ്ക്ക് മുമ്പായി മ്നോർത്തോയിൽ കുരിശ് നാട്ടണം എന്നാണ്.

5. മാത്യൂസ് പ്രഥമൻ ബാവായുടെ നടപടിക്രമം

ഇതിൽ കാണുന്നത്.. സന്ധ്യാ നമസ്കാരത്തിനു മുമ്പുതന്നെ കുരിശുമൊന്തകൊടിയിട്ട് അലങ്കരിച്ച മ്നോർത്തോ പള്ളിയുടെ മദ്ധ്യത്തിൽ കൊണ്ടു വന്നു വയ്ക്കുന്നു. അതിൽ വയ്ക്കുന്നതിനുള്ള കുരിശ് ഊറാറ ചുറ്റി സൗകര്യം പോലെ നമസ്കാരമേശയിലൊ ത്രോണോസിലോ വയ്ക്കുകയും ചെയ്യുന്നു. സന്ധ്യാ നമസ്കാരവും സുത്താറയും തീർത്തു കഴിയുമ്പോൾ സ്ളീബായുടെ ഏതെങ്കിലും നിർത്തുകൾ ചൊല്ലിക്കൊണ്ട് കുരിശെടുത്ത് കൊണ്ട് വന്നു ഗോഗുൽത്താ പ്രതിഷ്ഠിച്ച ശേഷം പിരിഞ്ഞു പോകുന്നു.

അതായത് സ്ളീബാ പ്രതിഷ്ഠ വൈകിട്ട് തന്നെ. എന്നാൽ പിറ്റെ ദിവസം കുരിശ് വച്ചാലും മതിയെന്നൊരു സാവകാശവും ഇതിൽ പറയുന്നുണ്ട്. എങ്കിലും മുൻഗണന തലേന്ന് വൈകിട്ട് പ്രതിഷ്ഠിക്കുന്നതിനു തന്നെയാണ് നൽകിയിരിക്കുന്നത്.

6. യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ നടപടിക്രമം

മലങ്കരയിൽ ഇന്ന് ഏറ്റവും പ്രചാരത്തിലിരിക്കുന്ന നടപടിക്രമവും ഇതാണ്. ഇതിൽ പറയുന്നത് ബുധനാഴ്ച തലേ സന്ധ്യയിൽ പ്രാർഥനയുടെ ആരംഭത്തിൽ കൗമാ കഴിഞ്ഞ് പട്ടക്കാരൻ മ്നോർത്തയിൽ സ്ളീബായുടെ ഏതെങ്കിലും ഗാനം ചൊല്ലിക്കൊണ്ട് കുരിശ് സ്ഥാപിക്കാം എന്നാണ്

ചുരുക്കത്തിൽ എല്ലാ നടപടിക്രമങ്ങളിലും തലേ ദിവസം (ചൊവ്വാഴ്ച സന്ധ്യയോടു കൂടി) മ്നോർത്തോയും അതിൽ കുരിശും സ്ഥാപിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനു വ്യത്യസ്തമായ ഒരഭിപ്രായം കണ്ടത് ഫാ. ഡോ. ജോസഫ് ചീരൻ അച്ചൻ എഴുതിയ *ഓർത്തഡോക്സ് ആരാധന: ശുശ്രൂഷകളും ശുശ്രൂഷകൻമാരും* എന്ന പുസ്തകത്തിലാണ്. അതിൽ പിറ്റേന്ന് (പാതിബുധനാഴ്ച) സ്ളീബാ നാട്ടിയാൽ മതിയെന്നാണ് അച്ചൻ പറയുന്നത്. തലേ ദിവസം സ്ളീബാ നാട്ടണമെന്നത് പിൽക്കാലത്ത് കൂട്ടിചേർത്തതാണെന്നു അച്ചൻ പറയുന്നു. എന്നാൽ അത് വസ്തുതാപരമല്ലയെന്നാണ് 1876 മുതൽ 1983 വരെയുള്ള കാലയളവിൽ രചിക്കപ്പെട്ട മേൽപറഞ്ഞ ആറോളം നടപടിക്രമങ്ങളും പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത്.

❑

ചെരുപ്പ് ...

ഫാ. അജീഷ് ബാബു
(കണ്ടനാട് ഈസ്റ്റ് ഭദ്രാസനം)



ഉപയോഗിച്ച് മറന്നുപോയ ചെരിപ്പ് വാറ് പൊട്ടി കിടക്കുന്നതു കണ്ടു. പഴക്കം കൊണ്ട് സൗന്ദര്യം നഷ്ടപ്പെട്ടതാണ് ആ ചെരുപ്പ്. തുടർച്ചയായ മഴ ചെരുപ്പിനെ കഴുകി വെളുപ്പിച്ചിരുന്നു. തേയ്മാനം വന്ന അടയാളങ്ങളിൽ മഴത്തുള്ളികളുടെ വിശുദ്ധി. ആ ചെരുപ്പ് ഇപ്പോൾ ഏത് ഓർമയായിരിക്കും പേറുന്നുണ്ടാവുക? നടന്നു നടന്നുപോയ വഴികൾ, അഴിച്ചുവെച്ച ഇടങ്ങൾ, ഊരാനോങ്ങിയ സന്ദർഭങ്ങൾ. ഓരോ ചെരുപ്പും അവയുടെ ഉടമകൾ ഉപേക്ഷിക്കുന്നതോടെ അനാഥമായൊരു അസ്തിത്വത്തിലേക്ക് മഴയും വെയിലും ഏറ്റുവാങ്ങാൻ പിന്നെയും അവശേഷിക്കുന്നു. ഉപേക്ഷിക്കപ്പെട്ട ചെരുപ്പ് പ്രതീകമാണ്. കൂടെ നടക്കാനും ഒറ്റയ്ക്കിരിക്കാനും സന്നദ്ധതയുടെ പ്രതീകം. നാം നടന്നു നീങ്ങിയ ചരിത്രത്തിന്റെയും നാം അറിഞ്ഞുവന്ന സംസ്കാരത്തിന്റെയും പ്രതീകം.

ആ പഴയ ചെരുപ്പിലേക്ക് കാലിട്ടപ്പോൾ വിട്ടുപോകാത്ത ഓർമക കവിളിൽ ചുംബിച്ചു.

ചെരുപ്പ് ചിലപ്പോഴൊക്കെ അടിമത്തത്തിന്റെയും അപവിത്രതയുടെയും പ്രതീകമായി ഉപയോഗിക്കപ്പെടുന്നു, മറുവശത്ത് ചില സന്ദർഭങ്ങളിൽ അതിന് വിശുദ്ധിയുടെയും അവകാശത്തിന്റെയും അർത്ഥം നൽകുന്നു വേദം ചെരുപ്പിനെ കുറിച്ച്.

1. യോശുവ 5:15

'യഹോവയുടെ സൈന്യാധിപൻ യോശുവയോട് പറഞ്ഞു: 'നീ നിന്റെ കാൽ ചെരുപ്പ് ഊരിക്കളക; നീ നിൽക്കുന്നതു വിശുദ്ധമായ സ്ഥലമാകുന്നു.' അപ്പോൾ യോശുവ അങ്ങനെ ചെയ്തു.'

ധ്യാനം: ദൈവത്തിന്റെ സാന്നിധ്യത്തിൻമുൻപിൽ വിനയം പാലിക്കേണ്ടതിന്റെ പ്രതീകമാണ് ചെരുപ്പ് ഊരൽ.

2. പുറപ്പാട് 3:5

'അപ്പോൾ ദൈവം പറഞ്ഞു: 'നീ സമീപിക്കരുത്. നിന്റെ കാൽ ചെരുപ്പ് ഊരിക്കളക, നീ നിൽക്കുന്നതു വിശുദ്ധ ഭൂമിയാണ്.' '

ധ്യാനം: മോശെ ദൈവത്തോടു സംസാരിക്കുമ്പോൾ ഈജിപ്തിൽ നിന്ന് ഇസ്രായേലിനെ മോചിപ്പിക്കുന്ന ദൗത്യത്തിന് മുമ്പ് ദൈവത്തിന്റെ വിശുദ്ധിയെ മാനിക്കേണ്ടതിന്റെ അടയാളം.

3. ആമോസ് 2:6

ധ്യാനം: 'ഇസ്രായേലിന്റെ അപരാധങ്ങൾ മൂന്നു തന്നേ, നാലും ആയതിനാൽ ഞാൻ ശിക്ഷിക്കാതെ വിടുകയില്ല; അവർ നീതിമാനെ വെള്ളത്തിന് വിറ്റു, ദരിദ്രനെ ഒരു ചെരുപ്പിനായി വിറ്റു.'

അർത്ഥം: ചെരുപ്പ് അപ്പോഴത്തെ സമൂഹത്തിൽ ഏറ്റവും വില കുറഞ്ഞ വസ്തുവായിരുന്നുവെന്നും, ദരിദ്രരെ അന്യായമായി ചൂഷണം ചെയ്യുന്നതിന് പ്രതീകമാണിതെന്ന് ഇവിടെ വ്യക്തമാക്കുന്നു.

4. സങ്കീർത്തനം 60:8

'മോവാബ് എന്റെ കുളിമണലാണ്; എദോംമേൽ ഞാൻ എന്റെ ചെരുപ്പ് എറിയും; ഫെലിസ്ത്യാ, എന്റെ മേൽ ആലാപിക്ക.'

ധ്യാനം: ചെരുപ്പ് എറിയൽ അതിക്രമത്തിന്റെയും ആധിപത്യത്തിന്റെയും പ്രതീകമാണ്. ദൈവം തന്റെ ശത്രുക്കളെ കീഴടക്കുമെന്ന സന്ദേശം ഇവിടെ നൽകുന്നു.

ചുരുക്കം: ചെരുപ്പ് ബൈബിളിൽ അടിമത്തം, പാവം, അപവിത്രത, ത്യാഗം, ആധിപത്യം, വിശുദ്ധി എന്നിവയുടെ പ്രതീകമായി വിവിധ സന്ദർഭങ്ങളിൽ കാണപ്പെടുന്നു.

ചെരിപ്പുകൾ എല്ലാം ഒരുകൂട്ടം ഓർമ്മകളാണ്. സ്വയം ഒഴിവാക്കിയതും സ്വയം കണ്ടെത്തിയതുമായ ഓർമ്മകൾ.

തിരക്കുകൾ ഒഴിയുമ്പോൾ തിരിഞ്ഞൊന്നു നോക്കണം നിന്നിൽ ചിതൽ തിന്നു പോയ എന്റെ ഓർമ്മകൾ ചിലതെങ്കിലും ബാക്കിയുണ്ടോ എന്ന്.

ഓർമ്മകളുടെ വഴിയിൽ വാക്കും ധാരണകളും മറന്നു പോകുന്നവരെ ചിലപ്പോൾ നാം മൗനമായെങ്കിലും ഭ്രാന്തർ എന്ന് പറയാറുണ്ട്. ഒന്നോർക്കുന്നത് നല്ലതാണ് എല്ലാ മനുഷ്യരിലും ഭ്രാന്തിന്റെ ഒരംശമുണ്ട്. ചിലരിൽ അത് മഴപോലെ പെയ്യുന്നു. മറ്റു ചിലരിൽ വേനൽ പോലെ കത്തി യാളുന്നു. ബോധത്തിന്റെ ഉരുൾപൊട്ടലാണോ ഭ്രാന്ത്?. ചിലർക്ക് കൈ കഴുകിക്കൊണ്ടേയിരിക്കണം, മറ്റു ചിലർക്ക് വാതിലിന്റെ സാക്ഷ ഇട്ടോയെന്ന് നൂറു വട്ടം ഉറപ്പു വരുത്തണം, ചിലർക്ക് ഒരിക്കലും അവ സാനിക്കാത്ത മൂത്രശങ്കയാണ്...

നോമ്പാണ്. നോവുള്ള നോമ്പ്...

ചെരുപ്പ് ചോദിക്കുന്നു?.

തിരക്കുകൾ ഒഴിയുമ്പോൾ തിരിഞ്ഞൊന്നു നോക്കണം നിന്നിൽ ചിതൽ തിന്നു പോയ എന്റെ ഓർമ്മകൾ ചിലതെങ്കിലും ബാക്കിയുണ്ടോ എന്ന്...



എൻ. കെ. സുകുമാരൻ നായരുടെ സ്മരണാർത്ഥമുള്ള പുരസ്കാരം പ്രശസ്ത ഭൗമ ശാസ്ത്രജ്ഞൻ ഡോ. ഡി. പത്മലാലിൽ നിന്ന് ജോസഫ്. എം. പുതുശ്ശേരി ഏറ്റുവാങ്ങുന്നു.

**ബാംഗ്ളൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് രസതന്ത്രത്തിൽ ആതിര മരിയ ജോണിന് ഡോക്ടറേറ്റ് ലഭിച്ചു.
പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രൽ ഇടവകാംഗം പാമ്പാടി കണ്ടത്തിൽ ജോൺ കുറിയാക്കോസിന്റെയും ഐവി ജോണിന്റെയും മകളാണ്.**

